# ദിദിമോസ്

കോട്ടപ്പുറം രൂപത ബുള്ളറ്റിൻ ജൂലൈ 2025



25–ാം വിവാഹ വാർഷികം ആഘോഷിക്കുന്ന

കൈതത്തറ ജോസിച്ചേട്ടനും ആനിച്ചേച്ചിക്കും

പ്രാർത്ഥനാശംസകൾ

25th



25th HAPPY ANNIVERSARY!

ആശംസകളോടെ...

അൾത്താരബാലന്മാർ

സെന്റ് ഫ്രാൻസീസ് അസ്സീസി ചർച്ച്, തുരുത്തിപ്പുറം




# CASA DIVINA

## CHURCH & DEVOTIONAL ARTICLES

DEPARTMENT OF CATECHESIS

DIOCESE OF KOTTAPURAM- KODUNGALLUR

ബൈബിൾ | പ്രാർത്ഥനാ പുസ്തകങ്ങൾ

വണക്കമാസം | ജപമാലകൾ | തിരുസ്വരൂപങ്ങൾ

തുടങ്ങിയവയെല്ലാം മിതമായ നിരക്കിൽ ലഭിക്കുന്നു.

8281420078



# സ്വപ്നങ്ങൾക്ക് ചിറകായി മാറേണ്ടവർ



**ഫാ. ജോജോ പയ്യപ്പിള്ളി**
ചീഫ് എഡിറ്റർ

**'നന്മ ചെയ്യുന്നതിൽ നമുക്ക് മടുപ്പ് തോന്നാതിരിക്കട്ടെ'**

(ഗലാത്തിയ 6:9)

**ഒ**രു പ്രായം ചെന്ന മുത്തശ്ശിക്ക് രണ്ടു പാത്രങ്ങൾ ഉണ്ടായിരുന്നു. ഈ മുത്തശ്ശി എല്ലാ ദിവസവും രണ്ടു പാത്രങ്ങളും എടുത്ത് ദൂരെയുള്ള കിണറ്റിൽ നിന്നും വെള്ളം കോരാൻ പോകുന്നു.

ഒന്നര പാത്രം വെള്ളമേ വീട്ടിൽ എത്തുകയുള്ളൂ. കാരണം, അരപ്പാത്രം വെള്ളം ഓട്ടയുള്ള പാത്രത്തിൽ നിന്ന് ചോർന്നു പോകും.

ഓട്ടയില്ലാത്ത പാത്രം ഓട്ടയുള്ള പാത്രത്തിന് എല്ലാ ദിവസവും കളിയാക്കും.

'എടാ നിന്നെക്കൊണ്ട് എന്തിനു കൊള്ളാം? നീ കാരണം ആ പാവം മുത്തശ്ശിക്ക് അരപ്പാത്രം വെള്ളമല്ലേ വീട്ടിലെത്തിക്കാൻ സാധിക്കുന്നുള്ളൂ.'

ഇത് എല്ലാദിവസവും കേട്ട് ഓട്ടയുള്ള പാത്രത്തിന് സങ്കടമായി.

അവൻ മുത്തശ്ശിയോട് സങ്കടം പറയാൻ തുടങ്ങി.

'മുത്തശ്ശി എന്നെയങ്ങ് കളഞ്ഞേക്ക്. ഞാൻ കാരണം മുത്തശ്ശിക്ക് അരപ്പാത്രം വെള്ളമല്ലേ വീട്ടിലേക്ക് എത്തിക്കാൻ സാധിക്കുന്നുള്ളൂ. ബാക്കി വഴിയിൽ ചോർന്നു പോവുകയല്ലേ.'

ചെറിയൊരു പുഞ്ചിരിയോടുകൂടെ മുത്തശ്ശി ആ പാത്രത്തിനോട് പറഞ്ഞു :

'മോനെ നീ കണ്ടോ, എന്നും നീ വരുന്ന വഴിയിലെ നീ വരുന്ന പാതയോരങ്ങളിലെ ചെടികളിൽ മാത്രമേ ഇത്രമാത്രം പൂക്കൾ കൊണ്ട് നിറഞ്ഞിട്ടുള്ളൂ. എന്നും നീ നനച്ച ചെടിയിലെ പൂക്കൾ കൊണ്ടാണ് എന്റെ പ്രാർത്ഥന മുറി ഞാൻ അലങ്കരിക്കുന്നതും എന്റെ ദൈവത്തെ ഞാൻ ആരാധിക്കുന്നതും. നീ ഇല്ലായിരുന്നുവെങ്കിൽ എങ്ങനെ ഞാൻ എന്റെ പ്രാർത്ഥന മുറി അലങ്കരിക്കുമായിരുന്നു. എങ്ങനെ ഞാൻ എന്റെ ദൈവത്തെ ആരാധിക്കുമായിരുന്നു?'

ഈ ജൂലൈ മാസത്തിൽ നാം **രൂപതാ സ്ഥാപക ദിനവും യുവജന ദിനവും** ആഘോഷിക്കുമ്പോൾ ഈ കഥയിലെ സന്ദേശം നമ്മെ ഓർമ്മിപ്പിക്കുന്നത് ഓരോ മനുഷ്യനും ഈ ഭൂമിയിൽ അവരവരുടേത് ആയിട്ടുള്ള കഴിവുകളും നിയോഗങ്ങളും ഉള്ള മനുഷ്യരാണ് എന്നതാണ്.

ആരിലും ഏതിലും നന്മ കാണാനുള്ള ഒരു മനസ്സ് നമുക്കുണ്ടാകണം. എല്ലാവർക്കും നന്മയുണ്ട്. നന്മയില്ലാത്ത ഏതു മനുഷ്യരാണ് ഉള്ളത്? ഒരുപക്ഷേ ചിലർക്ക് ചില കുറവുകൾ ഉണ്ടാകാം. എല്ലാ മനുഷ്യരിലും നന്മയുടെ വെളുപ്പും കറുപ്പും ഒത്തുചേർന്ന് കിടക്കുന്നു. ഓരോരുത്തരെയും അവരുടെ ദോഷങ്ങൾ മാത്രം കണ്ടു പറയാതെ, അവരുടെ നന്മയും ഉയർത്തിപ്പറയാൻ നമ്മൾ ശ്രമിക്കണം. എന്നാൽ ആ നന്മ കണ്ടെത്താനുള്ള കണ്ണും മനസ്സും നമ്മൾ വളർത്തണം.

പ്രിയ യുവജനങ്ങളേ, നിങ്ങൾ നമ്മുടെ രൂപതയുടെ ഹൃദയസ്പന്ദനമാണ്. **നിങ്ങളുടെ സാന്നിധ്യം, സ്വപ്നങ്ങൾ, പരിശ്രമങ്ങൾ ഇവയാണ് നമ്മുടെ രൂപതയുടെ സ്വപ്നങ്ങളുടെ ചിറകുകൾക്ക് ബലം കൊടുക്കുന്നത്.** നിങ്ങൾ വളർത്തുന്ന സൗഹൃദത്തിന്റെയും കൂട്ടായ്മയുടെയും മനസ്സായിരിക്കും നാളെയുള്ള സഭയെ ശക്തിപ്പെടുത്തുക. രൂപതയിലെ യുവജനങ്ങൾ തീർച്ചയായും ദൈവത്തിന്റെ അനുഗ്രഹത്തിന്റെ പ്രതീകമായി സമൂഹത്തിൽ നിറഞ്ഞുനിൽക്കുന്നു. യുവജനങ്ങളുടെ ആത്മാർഥത, ഉത്സാഹം, സ്വപ്നങ്ങൾ നടപ്പിലാക്കാനുള്ള തീക്ഷ്ണത തുടങ്ങിയ നിരവധി ഗുണങ്ങൾ നമ്മുടെ രൂപതാ കുടുംബത്തെ കൂടുതൽ മനോഹരമാക്കുന്നു.

നമ്മൾ ആരും പൂർണ്ണരല്ല. പക്ഷെ, നമ്മൾ ചെയ്യുന്ന ഓരോ പ്രവർത്തിയും ആ കഥയിൽ വായിച്ച ഓട്ടയുള്ള പാത്രം പോലെ ദൈവത്തിനായി ഒരു ഉന്നത ലക്ഷ്യത്തിനായി ഉപയോഗിക്കപ്പെടുന്നു. അത് നിങ്ങൾ സഞ്ചരിക്കുന്ന വഴികളിൽ ഒരുപാട് പൂക്കൾ വിരിയിക്കുന്നു, അനേകരുടെ ഹൃദയങ്ങളിൽ പ്രഭയുണ്ടാക്കുന്നു. അതിനാൽ നിങ്ങളിലെ പ്രതീക്ഷയും നന്മയുള്ള ആഗ്രഹങ്ങളും ഒരിക്കലും നഷ്ടപ്പെടാതിരിക്കട്ടെ.

നമ്മൾ ആഘോഷിക്കുന്ന രൂപതാ സ്ഥാപകദിനവും യുവജനദിനവും നമുക്ക് കൂടുതൽ വെളിച്ചം നൽകട്ടെ. ഓരോരുത്തരുടെയും ആധുനിക വീക്ഷണവും പരിശ്രമവും നമ്മുടെ സഭയ്ക്ക് ശക്തി പകരട്ടെ. യുവജനങ്ങളുടെ കരുത്തിലേക്കും പ്രതീക്ഷയിലേക്കും ദൈവം അനുഗ്രഹം പകരട്ടെ!

**രൂപതാ സ്ഥാപക ദിനത്തിന്റെയും**
**യുവജന ദിനത്തിന്റെയും പ്രാർത്ഥനാശംസകൾ...**



*ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു; ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല.*

യോഹന്നാൻ 14:6

# ദിദിമോസ്

കോട്ടപ്പുറം രൂപത ബുള്ളറ്റിൻ ജൂലൈ 2025

**രക്ഷാധികാരി**

റൈറ്റ് റവ. ഡോ. അംബ്രോസ് പുത്തൻവീട്ടിൽ

**ചീഫ് എഡിറ്റർ**

ഫാ. ജോജോ പയ്യപ്പിള്ളി

**സബ് എഡിറ്റേഴ്സ്**

ഫാ. നിഖിൽ ജോർജ്ജ് മുട്ടിക്കൽ

ഫാ. സിന്റോ കുരിയപറമ്പിൽ

**അസോസിയേറ്റ് എഡിറ്റേഴ്സ്**

ഫാ. രൂപേഷ് മൈക്കിൾ കളത്തിൽ

ശ്രീ. ടൈറ്റസ് ഗോതുരുത്ത്

**മാനേജിംഗ് എഡിറ്റർ**

ഫാ. സിജോ വേലിക്കകത്തോട്ട്

**സർക്കുലേഷൻ മാനേജർ**

ഫാ. നിമേഷ് കാട്ടാശ്ശേരി

**പത്രാധിപ സമിതി**

ഫാ. ലിജോ മാത്യു താണിപ്പിള്ളി

ശ്രീ. സിപ്പി പള്ളിപ്പുറം

ശ്രീ. ജോയ് ഗോതുരുത്ത്

ശ്രീ. ജോസഫ് പനക്കൽ

**ഡി.ടി.പി.**

ശ്രീമതി നിഷ സോജൻ

എഡിറ്റർ, ദിദിമോസ്, വികാസ്,
കോട്ടപ്പുറം – 680 667
ഫോൺ : 8281420078
didimoskottapuram@gmail.com

## താളുകളിൽ

*പൈതൃകാമുഖം*
**രൂപതാദിനത്തിൽ ഉറച്ച കാൽവയ്പോടെ ............. 4**

**രൂപതയ്ക്ക് കരുത്താകുന്ന സന്യാസ സമൂഹങ്ങൾ .. 6**

**കോട്ടപ്പുറം രൂപതയുടെ വളർച്ചയിൽ യുവജനങ്ങളുടെ പങ്ക് ............ 13**

**പുഴ മുട്ടിലെ ഇളംകാറ്റ് ............ 15**

*വിശ്വാസത്തിന്റെ വഴിത്താര*
**വിവാഹം ............ 17**

*കറുപ്പ്*
**ബൈബിൾ പശ്ചാത്തലപഠനം ............ 18**

*കത്തോലിക്കസഭയെ അറിയാം, പഠിക്കാം*
**പേപ്പൽ പതാക ............ 21**

*അയൽക്കൂട്ടം*
**സഭയുടെ അപ്പസ്തോലിക ദൗത്യം ............ 22**

**രൂപത വാർത്തകൾ ............ 24**

**പിതാവിന്റെ ഡയറി – ജൂലൈ ............ 27**

**ലോഗോസ് ക്വിസ് ഉത്തരം ............ 27**

*വചനധ്യാനം*
**2025 ലോഗോസ് ക്വിസ് പരീക്ഷയ്ക്കായി ഒരുങ്ങാം ...... 28**



# രൂപതാദിനത്തിൽ ഉറച്ച കാൽവയ്പോടെ



**ബിഷപ്പ് ഡോ. അംബ്രോസ് പുത്തൻവീട്ടിൽ**
കോട്ടപ്പുറം രൂപതാമെത്രാൻ

**1987** ജൂലൈ മൂന്നിനാണ് കോട്ടപ്പുറം രൂപത വരാപ്പുഴ അതിരൂപതയിൽ നിന്നും ജന്മം കൊണ്ടത്. വിശുദ്ധ തോമസ് അപ്പോസ്തലന്റെ പാദസ്പർശനമേറ്റ ചരിത്രത്തിന് പുണ്യം പേറുന്ന നിരവധി ഇടങ്ങളാൽ സമൃദ്ധമായ കോട്ടപ്പുറം രൂപത ഈ അപ്പോസ്തലന്റെ വിശ്വാസ സാക്ഷ്യം പിന്തുടരുവാൻ ചരിത്രപരമായി നിയോഗിക്കപ്പെട്ടതാണ്. കൊടുങ്ങല്ലൂർ, കോട്ടപ്പുറം, അഴീക്കോട്, ചെട്ടിക്കാട്-മാല്യങ്കര, പള്ളിപ്പുറം, സമ്പാളൂർ തുടങ്ങിയ ഇടവകകൾ ചരിത്രത്തിന്റെ കുഞ്ഞോളങ്ങളെ തലോടിക്കൊണ്ട് പെരിയാറിനോടൊപ്പം ഒഴുകിക്കൊണ്ടിരിക്കുന്നു.

2025 ജൂലൈ മൂന്നിന് രൂപതാദിനമായി ആചരിക്കുമ്പോൾ മഹാജൂബിലിയുടെ രൂപതാദിനമാണ്. മഹാജൂബിലിയുടെ ആഗോള ആഘോഷങ്ങളിലൂടെ റൂബി ജൂബിലിയിലേക്ക് നടന്നടുക്കുമ്പോൾ കഴിഞ്ഞ 38 വർഷങ്ങളിൽ ദൈവം നമുക്ക് ചൊരിഞ്ഞ എല്ലാ അനുഗ്രഹങ്ങൾക്കും നമുക്ക് ഹൃദയപൂർവ്വം നന്ദി പറയാം. രൂപതയുടെ ആദ്യ ഇടയനായ അഭിവന്ദ്യ ഫ്രാൻസിസ് കല്ലറക്കൽ പിതാവിന് 1987 മുതൽ 2010 വരെ ഭൗതികമായും, ആത്മീയമായും അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിച്ചു കൊണ്ട് മുന്നിൽനിന്നു നയിച്ചതിന് നന്ദി അർപ്പിക്കാം. ബാലാരിഷ്ടതകൾ പിന്നിട്ട്, വളർച്ചയുടെ ദിശയിലേക്ക് ഒഴുകിയ രൂപതയെ 2010 മുതൽ 2023 വരെ കൈപിടിച്ചുയർത്തിയ അഭിവന്ദ്യ ജോസഫ് കാരിക്കശ്ശേരി പിതാവിനെയും ഹൃദയത്തോട് ചേർത്തുവയ്ക്കാം. നമ്മുടെ രൂപതയ്ക്ക് ദിശാബോധം നൽകുവാനും പുതിയ മെത്രാനെ നിയോഗിക്കുന്ന നിമിഷംവരെ 2023 മെയ് 1 മുതൽ 2024 ജനുവരി 20 വരെ രൂപതയുടെ അമരക്കാരനായി ദൈവമക്കളിൽ പ്രതീക്ഷയുടെ പൊൻകിരണങ്ങൾ വിതറിയ അഭിവന്ദ്യ അലക്സ് പിതാവിനെയും നന്ദിയോടെ ഓർക്കാം.

കഴിഞ്ഞവർഷം റൂബി ജൂബിലിയുടെ തുടക്കം കുറിച്ചുകൊണ്ടുള്ള നമ്മുടെ ഒരുക്കത്തിന്റെ വേളയിൽ **"പൈതൃകഭൂവിൽ ഒരു മനമായി"** എന്ന ആപ്തവാക്യവുമായി ഒറ്റക്കെട്ടായി നാം മുന്നോട്ട് നീങ്ങുന്നു. ആത്മീയമായ അടിത്തറ ശക്തിപ്പെടുത്തുക എന്നതാണ് നമ്മുടെ ആദ്യത്തെ ലക്ഷ്യം. ആരാധനക്രമങ്ങൾ കൃത്യമായി പാലിച്ചുകൊണ്ട് നമ്മുടെ ഇടവകകളെ നമുക്ക് നവീകരിക്കാം. കുടുംബങ്ങളൊക്കെ വീണ്ടും പ്രാർത്ഥനയുടെ ഇടങ്ങളായി മാറിക്കൊണ്ട് മാതാപിതാക്കളും മക്കളും



തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു.
യോഹന്നാൻ 3:16

തമ്മിൽ ആരോഗ്യപരമായ ആശയം വിനിമയത്തിലൂടെ സ്നേഹവും കൂട്ടായ്മയും ശക്തിപ്പെടുത്തിക്കൊണ്ട് മാതൃകയാകുവാൻ നമുക്ക് കൈകോർക്കാം.

വിദ്യാഭ്യാസവും ജീവിതപരിശീലനവും ജീവിതത്തിൽ പ്രാവർത്തികമാക്കിക്കൊണ്ട് ലക്ഷ്യബോധമുള്ള മക്കളായി വളരുമ്പോൾ, പരസ്പരം പ്രോത്സാഹിപ്പിച്ചും, സഹായിച്ചും മുന്നോട്ടുനീങ്ങുമ്പോൾ കുടുംബത്തെ ശക്തിപ്പെടുത്തുവാനും സമൂഹത്തെ ശാക്തീകരിക്കുവാനും നമുക്ക് സാധിക്കും. “അവസരങ്ങൾ നഷ്ടപ്പെടുത്തുന്നവർക്ക് വിജയങ്ങളും നഷ്ടപ്പെടും” എന്ന ആപ്തവാക്യം നെഞ്ചിലേറ്റി ആകാശം പോലെ തുറന്നുകിടക്കുന്ന അവസരങ്ങളും അവകാശങ്ങളും നേടിയെടുക്കുവാൻ ബോധവും ബോധ്യവുമുള്ള ഒരു നവ സമൂഹത്തെ നമുക്ക് പടുത്തുയർത്താം.



സാമൂഹിക പ്രതിബദ്ധതയുള്ള ഒരു സമൂഹമായി ഉയർത്തെഴുന്നേൽക്കേണ്ട കാലഘട്ടമാണിത്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ “നിങ്ങളുടെ ആകുലതകളും സങ്കടങ്ങളുമൊക്കെ ഞങ്ങളുടെ ആകുലതയും സങ്കടങ്ങളുമാണ്” (GS1) എന്ന ധീരമായ പ്രസ്താവന ഇനിയും അക്ഷരങ്ങളുടെ അടച്ചിട്ട പെട്ടികളിൽ ഒതുങ്ങി പോകരുത്. മുനമ്പം-കടപ്പുറം പോലെയുള്ള അവകാശധ്വംസനം നടക്കുമ്പോൾ, കണ്ണമാലി-ചെല്ലാനം പോലെയുള്ളവരുടെ കണ്ണുനീരുകൾ വേലിയേറ്റങ്ങൾ ആകുമ്പോൾ, വന്യമൃഗങ്ങൾ കയറൂരിവിട്ട നിലയിൽ കടന്നാക്രമണത്തിന്റെ അതിർവരമ്പുകൾ കടക്കുമ്പോൾ നമുക്കും പാവപ്പെട്ടവരുടെയും സങ്കടപ്പെടുന്നവരുടെയും പക്ഷം ചേരുവാൻ ചിറകുകൾ വിരിക്കാം.

യുവജനങ്ങളെ ഉണർത്തുവാൻ നമ്മുടെ ജീവിതമാതൃക ഒരു ഉണർത്തുപാട്ട് ആവണം. കണ്ണിൽ കനവും, കരളിൽ കനിവുമുള്ള യുവജനങ്ങളെ ഒളിച്ചിരിക്കുന്ന സിക്കമൂർ മരങ്ങളിൽ നിന്നും താഴെയിറക്കി ജനങ്ങളുടെ ഇടയിലേക്ക് കൊണ്ടുവരുവാൻ നമുക്ക് സാധിക്കണം. യുവജനങ്ങളെ സാക്ഷരതയുടെ പൊൻകിരീടം നൽകി ജീവിതത്തിൽ സാക്ഷാത്കാരം നൽകുവാൻ നമുക്ക് ഒത്തൊരുമിക്കാം.

ഓരോ കുടുംബവും തിരുകുടുംബമായി മാറുന്നത് ദൈവവുമായി ബന്ധമുള്ളവർ ആ കുടുംബത്തിൽ ഉണ്ടാകുമ്പോഴാണ്. പരിശുദ്ധ അമ്മയെപ്പോലെ ദൈവത്തിന്റെ ശബ്ദംകേൾക്കുവാനും, യാത്രയ്ക്കിടയിൽ നഷ്ടപ്പെട്ട ഉണ്ണിയേശുവിനെതേടി തിരിച്ചുനടന്നു കണ്ടെത്തുവാനും, അവനോടൊത്തുള്ള യാത്ര കുരിശിനുമപ്പുറം ആത്മാവിന്റെ അഭിഷേകത്തിലേക്ക് നയിക്കുവാനും നമുക്കേവർക്കും പരിശുദ്ധ അമ്മയെ പോലെ തിടുക്കത്തിൽ യാത്രയാവാം. രൂപതാദിനാശംസകൾ സ്നേഹപൂർവ്വം നേരുന്നു.

■



# രൂപതയ്ക്ക് കരുത്താകുന്ന സന്യാസ സമൂഹങ്ങൾ

**ഫാ. ലിബിൻ തോമസ്**
സെക്രട്ടറി, കോട്ടപ്പുറം രൂപത CRI യൂണിറ്റ്

**പ**രിശുദ്ധ പിതാവ് ജോൺ പോൾ രണ്ടാമൻ പാപ്പാ സമർപ്പിത ജീവിതത്തെ വിശേഷിപ്പിച്ചത് ക്രിസ്തു സ്നേഹത്തിന്റെ ഏറ്റവും മനോഹരമായ അടയാളം എന്നാണ്. **സമർപ്പിത ജീവിതത്തിലേക്ക് വിളിക്കപ്പെട്ട ഓരോ വ്യക്തിയുടേയും ആത്യന്തികമായ കടമ എന്നത് ക്രിസ്തു പകർന്നുതന്ന ഈ സ്നേഹം അനേകരിലേയ്ക്ക് പകർന്നു കൊടുക്കുക എന്നതാണ്.**

ആദിമ നൂറ്റാണ്ടു മുതൽ ക്രൈസ്തവ സാന്നിധ്യം ഉള്ളതും ചരിത്രപരമായ പ്രാധാന്യം അർഹിക്കുന്നതാണ് ആഗോള കത്തോലിക്കാ സഭയിൽ കോട്ടപ്പുറം രൂപത. പുണ്യപുരാതനമായ ഈ രൂപതയുടെ മണ്ണിൽ അനേകം സന്യസ്തർ ദൈവ സ്നേഹത്തിന്റെ അടയാളമായി രൂപതയോട് ചേർന്ന് പ്രവർത്തിച്ചുവരുന്നു. നാൽപതോളം വ്യത്യസ്ത സന്യാസ സമൂഹങ്ങൾ ഇന്ന് നമ്മുടെ രൂപതയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. ഏറെ പ്രത്യേകിച്ച് ആതുരശുശ്രൂഷ മേഖലകളിലും വിദ്യാഭ്യാസ മേഖലയിലും ഇടവക പ്രവർത്തനങ്ങളിലും അജപാലനപരമായിട്ടുള്ള മേഖലയിലും സന്യസ്തർ നൽകുന്ന സേവനങ്ങൾ വിലമതിക്കുന്നതാണ്. റൂബി ജൂബിലിയുടെ നിറവിൽ ആയിരിക്കുന്ന ഈ ധന്യ നിമിഷത്തിൽ നമ്മുടെ രൂപതയിൽ പ്രവർത്തിക്കുന്ന ഏതാനും സന്യാസ സമൂഹങ്ങളെ നമുക്ക് അടുത്തറിയാം.

### ❖ പാവങ്ങളുടെ ദാസർ (കുസ്മാനോ ഫാദേഴ്സ്)

വാഴ്ത്തപ്പെട്ട ജയിംസ് കുസ്മാനോയാൽ സ്ഥാപിതമായ മിഷനറി സർവൻസ് ഓഫ് ദ പൂവർ എന്ന സന്യാസ സമൂഹം 1887ൽ ഇറ്റലിയിൽ പലേർമൊയിൽ സ്ഥാപിതമായി. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പാവപ്പെട്ടവരോടുള്ള അനുകമ്പയിലും കാരുണ്യത്തിലും സേവനം ചെയ്തുകൊണ്ട് കുസ്മാനോ വൈദികരും കന്യാസ്ത്രീകളും അൽമായ സഹോദരങ്ങളും ഈശോയോടുള്ള സ്നേഹത്താൽ പാവങ്ങൾക്ക് വേണ്ടിസേവനം ചെയ്തുവരുന്നു. ഇന്ത്യയിൽ 1991 മുതൽ പാവങ്ങളുടെ ദാസിമാരുടെ സാന്നിധ്യവും 2006 മുതൽ പാവങ്ങളുടെ ദാസന്മാരുടെ (വൈദികരുടെ) സാന്നിധ്യവും ഉണ്ട്. **2018 ഒക്ടോബർ 11 ന് കോട്ടപ്പുറം രൂപതയിൽ ഗോതുരുത്ത് വൈദികർത്തികളുടെ രൂപീകരണത്തിനായുള്ള ഭവനം സ്ഥാപിതമായി.** കോട്ടപ്പുറം രൂപതയിൽ അജപാലനപരമായ ശുശ്രൂഷകൾ ചെയ്തുകൊണ്ടും വൈദികർത്തികളെ ഒരുക്കിക്കൊണ്ടും, സാമൂഹിക സേവനങ്ങൾ നിർവഹിച്ചുകൊണ്ടും മുന്നോട്ടുപോകുന്നു.

## ❖ തിരുഹൃദയ പരിഹാര സന്യാസി സഭ

(റിപ്പാരട്രിക്സ് സിസ്റ്റേഴ്സ് ഓഫ് ദ സേക്രഡ് ഹാർട്ട്)

സ്നേഹവും പരിഹാരവുമാണ് സഭയുടെ മോട്ടോ. **രൂപതയിൽ 1990 മുതൽ കൊടുങ്ങല്ലൂർ സെൻറ് തോമസ് ഇടവകയിൽ പ്രവർത്തിക്കുന്നു.** സഭയുടെ 3 അംഗങ്ങൾ വിശ്വാസ പരിശീലനം, കുടുംബപ്രേഷിത പ്രവർത്തനം എന്നീ മേഖലകളിൽ ഏർപ്പെട്ടിരിക്കുന്നു.

## ❖ DISCIPLES OF THE DIVINE SAVIOUR (DDS)

1996 ഏപ്രിൽ 10 ന് മൈസൂരിലെ രാജീവ് നഗറിൽ ബ്രദർ ജയപ്രകാശിനാൽ സ്ഥാപിതമായ ഒരു സന്യാസ സമൂഹമാണ് ഡിഡിഎസ്. 'അങ്ങേക്കുവേണ്ടി കർത്താവേ എല്ലാം അങ്ങേയ്ക്കുവേണ്ടി' എന്ന ആപ്തവാക്യം ജീവിതത്തിൽ ഉൾക്കൊണ്ടുകൊണ്ട് സമൂഹത്തിൽ അവഗണിക്കപ്പെട്ടവരുടെ ഇടയിൽ യേശുനാഥനെ കണ്ടുകൊണ്ട് അവരിൽ ഒരുവനായി ശുശ്രൂഷ ചെയ്യുന്നവരാണ് ഡിഡിഎസ് സഹോദരന്മാർ. **2018 മുതൽ കോട്ടപ്പുറം രൂപതയിൽ കുട്ടനെല്ലൂർ സെൻ്റ് ജൂഡ് ദേവാലയത്തിന് കീഴിലായി പുത്തൂർ എന്ന സ്ഥലത്ത് ജീവിദർശൻ ഡിഡിഎസ് ഹൗസ് പ്രവർത്തിച്ചുവരുന്നു.** ദൈവാലയത്തോടുചേർന്ന് വിശ്വാസ പരിശീലന കാര്യങ്ങളിലും ദൈവാലയ ശുശ്രൂഷകളിലും ഡിഡിഎസ് സന്യാസ സഹോദരങ്ങളെ തങ്ങളുടെ സേവനം നൽകുന്നു.

## ❖ കോൺഗ്രിഗേഷൻ ഓഫ് ദ സിസ്റ്റേഴ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അവർ ലേഡി ഓഫ് കാർമ്മൽ

ഇറ്റലി ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഈ അന്തർദേശീയ സന്യാസ സഭയുടെ സ്ഥാപക വാഴ്ത്തപ്പെട്ട മദർ മരിയതെരേസ സ്ക്രില്ലിയാണ്. ക്രൈസ്തവ, സാന്മാർഗ്ഗിക, മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിലൂടെ ആത്മാക്കളെ ദൈവത്തിനായി നേടുക എന്നതാണ് സഭയുടെ ലക്ഷ്യം. **1978 ൽ ഇന്ത്യയിൽ സേവനമാരംഭിച്ച ഈ സഭയുടെ കോട്ടപ്പുറം രൂപതയിലെ ആദ്യ ഭവനമാണ് പറവൂരിലുള്ള മരിയതെരേസ സ്ക്രില്ലി കോൺവെൻ്റ്.** 2022 ജൂൺ 25 മുതൽ കുഞ്ഞിത്തൈ ഇടവകയിലും ഈ സന്യാസ സഭയുടെ മറ്റൊരുഭവനം ഹോളി ഏഞ്ചൽസ് എന്നപേരിൽ പ്രവർത്തനം ആരംഭിച്ചു. രൂപതയുടെ ഡോൺബോസ്കോ ആശുപത്രിയിലും, രൂപതയുടെ യുവജന മേഖലയിലും, വിവിധ ഇടവകകളിൽ മതബോധനരംഗത്തും, സി.എൽ.സി. മോഡറേറ്റർ, ബി.സി.സി. ആനിമേറ്റർ, ദമ്പതികൾക്കായി രൂപത നടത്തുന്ന സാൻജോമീറ്റിലെ റിസോഴ്സ് ടീം, ഹെറിറ്റേജ് കമ്മീഷന്റെ ഡയറക്ടർ എന്നീ ചുമതലകളും സിസ്റ്റേഴ്സ് നിർവ്വഹിക്കുന്നു.

## ❖ കാരുണ്യ മാലാഖമാർ

കാലത്തിന്റെ ആവശ്യങ്ങൾ അറിഞ്ഞ് ദൈവസ്നേഹത്തിന്റെ തൂവൽ സ്പർശനവുമായി, വിവിധ പ്രേഷിത മേഖലകളിലൂടെ കരുണാർദ്രമായ ദൈവസ്നേഹം വെളിപ്പെടുത്തിക്കൊണ്ട് സഭ **കോട്ടപ്പുറം രൂപത മുനമ്പം മണ്ണിൽ 2013 ഏപ്രിൽ ഇരുപതാം തീയതി സിസ്റ്റേഴ്സ് ഓഫ് സെൻ്റ് ആൻ - ലൂസേൺ എന്ന നാമധേയത്തിൽ രൂപം കൊണ്ടു.** കഴിഞ്ഞ 12 വർഷങ്ങ

ളിലായി കുടുംബപ്രേക്ഷിതത്വം, സാമൂഹ്യ സേവനം, സുവിശേഷപ്രഘോഷണം എന്ന ഈ പ്രേഷിത മേഖലകളിൽ ഞങ്ങൾ മൂന്ന് സഹോദരിമാർ ദൈവപരിപാലനയിൽ ആശ്രയിച്ചു കൊണ്ട് ശുശ്രൂഷകൾ ചെയ്തുവരുന്നു.

## ❖ OBLATES SISTERS OF ST. ANTONY OF PADUVA

കാലഘട്ടത്തിന്റെ ആവശ്യകത അറിഞ്ഞും തീക്ഷ്ണമായ സഹോദര സ്നേഹത്തിന്റെ പ്രേരണയാലും സ്വയം ദൈവത്തിന് സമർപ്പിച്ച്, വിദ്യാഭ്യാസം ലഭിക്കാതെ അസാന്മാർഗിയ വഴിയിലൂടെയും പട്ടിണിയിലൂടെയും ജീവിതം തള്ളി നീക്കുന്നവർക്കായി സേവനം ചെയ്യാനുള്ള മനസ്സുമായി ഇറ്റലിയിലെ ബ്രിട്ടീസി എന്ന സ്ഥലത്തെ വലേറിയ എന്ന യുവതി പത്താം പിയൂസ് പാപ്പയെ ചെന്നു കാണുകയും അത് ദൈവഹിതം ആണെന്ന് മനസ്സിലാക്കിയ പാപ്പ 1905 ജനുവരി 28 ന് വിശുദ്ധ അന്തോണീസിന്റെ നാമധേയത്തിൽ വിശുദ്ധ ഫ്രാൻസീസ് അസ്സീസിയുടെ മാർഗ്ഗ നിർദേശങ്ങളുമായുള്ള ഒരു സന്യാസ സമൂഹത്തിന് അനുമതി നൽകി. **ഈ സന്യാസ സമൂഹം 1991 കോട്ടപ്പുറം രൂപതയിലെ കാര എന്ന സ്ഥലത്ത് രണ്ട് കമ്മ്യൂണിറ്റികൾ സ്ഥാപിച്ചു.** ഒന്ന് ഫോർമേഷൻ ഹൗസും മറ്റൊന്ന് പാവപ്പെട്ട കുട്ടികൾക്കായി ഗേൾസ് ഹോം അതോടൊപ്പം ഒരു നഴ്സറിയും സ്ഥാപിച്ചു. രണ്ട് കോൺവെന്റിലെയും സിസ്റ്റർമാർ ഇടവകയോട് ചേർന്ന് പ്രവർത്തിക്കുന്നു. BCC യൂണിറ്റുകളിലും വിശ്വാസപരിശീലനത്തിലും കുടുംബ സന്ദർശനത്തിലും മറ്റുള്ള കാര്യങ്ങളിലും ഇടവക വികാരിയോട് ചേർന്ന് പ്രവർത്തിക്കുന്നു.

## ❖ ദൈവപരിപാലനയുടെ കൊച്ചുസഹോദരിമാർ

ദൈവപരിപാലനയിൽ ആശ്രയിച്ചുകൊണ്ട് ദിവ്യകാരുണ്യ നാഥനായ യേശുവിനോടുള്ള ആത്മബന്ധത്തിൽ നിന്നു ഉൾക്കൊള്ളുന്ന സ്നേഹത്താൽ തങ്ങളുടെ സേവനം ഏറ്റവും ആവശ്യമുള്ളവർക്കിടയിൽ വിശ്വാസവും പ്രത്യാശയും ഉപവിയും പ്രചരിപ്പിക്കാൻ വിളിക്കപ്പെട്ട സന്യാസിനി സമൂഹമാണ് ദൈവപരിപാലനയുടെ കൊച്ചു സഹോദരിമാർ. **1998 നവംബർ 21 ന് കോട്ടപ്പുറം രൂപതയിലെ പൊയ്യയിൽ, മദർ തെരേസ ഗ്രില്ലോ കോൺവെന്റ് സ്ഥാപിതമായി.** പ്രത്യേക പരിഗണന അർഹിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തുന്നതിനായി, അവർക്ക് ആവശ്യമായ പലതരത്തിലുള്ള തെറാപ്പിയും വിദ്യാഭ്യാസവും നൽകുന്ന മദർ തെരേസ ഗ്രില്ലോ സ്പെഷ്യൽ സ്കൂൾ എന്ന ഒരു സ്പെഷ്യൽ സ്കൂളും ഇവിടെ പ്രവർത്തിച്ചുവരുന്നു. കൂടാതെ പൊയ്യ, സെന്റ് സെബാസ്റ്റ്യൻ ദൈവാലയത്തിലെ ആത്മീയ കാര്യങ്ങളിലും സിസ്റ്റേഴ്സ് സഹായിക്കുന്നു.

## ❖ CONGREGATION OF AUGUSTINIAN SISTERS OF MOST HOLY ANNUNCIATION (ASA)

മംഗളവാർത്ത മാതാവിന്റെ അഗസ്റ്റീനിയൻ സഹോദരികൾ എന്നറിയപ്പെടുന്ന സഭ ആരംഭിക്കുന്നത് 1528 ൽ ഇറ്റലിയിലെ സൻ ജോവാനി വാൽഡർണോയിലാണ്. ഇറ്റലിയും ജെർമ്മനിയും തമ്മിലുള്ള യുദ്ധത്തിന്റെ പരിണിത ഫലമായി തൊഴിലില്ലായ്മയും ദാരിദ്ര്യവും പ്ളേഗ് എന്ന മഹാരോഗവും മനുഷ്യരെ കാർന്നുതിന്ന അവസരത്തിൽ സഹായഹസ്തവുമായി മരിയ ദി ജാകോപോ ഫന്തോസി എന്ന ധനികയായ വിധവ 'സ്നേഹം സേവനം' എന്ന ലക്ഷ്യത്തോടെ സ്ഥാപി



ഞാൻ അവരുടെ ദൈവവും അവർ എന്റെ ജനവും ആയിരിക്കും.
ജെറെമിയ 31:33

ച്ചതാണ് ഈ സഭ. **1998 ഇൽ കോട്ടപ്പുറം രൂപതയിലെ ചാപ്പാറ സെന്റ് ആന്റണിസ് ഇടവകയിൽ സഭ ഒരു കമ്മ്യൂണിറ്റി ആരംഭിച്ചു.** ആറ് അംഗങ്ങൾ ഉള്ള ഈ ഈ സന്യാസ സമൂഹം ഇടവകയിലെ എല്ലാ പ്രവർത്തനങ്ങളിലും പ്രത്യേകിച്ച് പാസ്റ്ററൽ ആക്ടിവിറ്റീസ്, മതബോധനം, കുടുംബയൂണിറ്റ്, ഭവനസന്ദർശനം, സായംപ്രഭ തുടങ്ങിയ പ്രവർത്തനങ്ങളിലും രൂപത നടത്തുന്ന ഹോം മിഷനിലും സജീവമായ സേവനം ചെയ്യുന്നു. ഇടവകയിലെ സ്ത്രീകളുടെ ഉന്നമനം ലക്ഷ്യം വച്ചുകൊണ്ട് ഒരു തയ്യൽ സെന്ററും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ഇവിടെ പള്ളിയിലേക്കാവശ്യമായ എല്ലാ തിരുവസ്ത്രങ്ങളും തയ്ക്കുകയും ചെയ്യുന്നു.

## ❖ വിശുദ്ധ അന്നയുടെ പുത്രിമാർ

1866 ഡിസംബർ 8 ന് വാഴ്ത്തപ്പെട്ട മദർ റോസ ഗറ്റോർണോയാൽ സ്ഥാപിതമായ വിശുദ്ധ അന്നയുടെ പുത്രിമാർ എന്ന സന്യാസ സഭ വി. അന്നയുടെ സ്വർഗീയ മധ്യസ്ഥതയിലാണ്. ക്രൂശിതനായ യേശുവിനോട് അവന്റെ ദാരിദ്ര്യ അരൂപിയിൽ താദാത്മ്യപെടുക എന്നതാണ് സന്യാസ സഭയുടെ ലക്ഷ്യം. **1997 ലാണ് സഭ കോട്ടപ്പുറം രൂപതയിൽ ഡോൺ ബോസ്കോ ഇടവകയുടെ കീഴിൽ നോർത്ത് പറവൂരിൽ ആരംഭം കുറിച്ചത്.** നിലവിൽ 7 അംഗങ്ങൾ ഉള്ള കമ്മ്യൂണിറ്റിയിൽ 4 പേർ ഡോൺ ബോസ്കോ ഹോസ്പിറ്റലിൽ സേവനമനുഷ്ഠിക്കുകയും 2 പേർ ഡോൺ ബോസ്കോ നഴ്സിംഗ് സ്കൂളിൽ പഠിക്കുകയും ചെയുന്നു. ഇടവകയിലെ പ്രവർത്തനം, വിശ്വാസ പരിശീലനം, വിശ്വാസ പരിശീലന പ്രമോട്ടർ എന്നീ മേഖലകളിൽ സേവനമർപ്പിക്കുന്നു.

## ❖ കോൺഗ്രിഗേഷൻ ഓഫ് ജീസസ് (ഈശോ സഭ)

ദൈനംദിന ജീവിതത്തിൽ പ്രത്യേകിച്ച് സേവനമേഖലയിൽ മറ്റുള്ളവരിൽ ദൈവത്തെ കാണുകയും, നീതിയോടും വിശ്വസ്തതയോടും കൂടി മറ്റുള്ളവർക്ക് സേവനം ചെയ്യുക എന്ന ലക്ഷ്യത്തോടെ **2004 മുതൽ കോട്ടപ്പുറം രൂപതയിൽ മേരി വാർഡ് സദൻ പുത്തൻവേലിക്കര, ജ്യോതിർ ഭവൻ കോൺവെൻറ് തുരുത്തിപ്പുറം എന്നിങ്ങനെ രണ്ട് സന്യാസ ഭവനങ്ങൾ പ്രവർത്തനം ആരംഭിച്ചു.** കോട്ടപ്പുറം രൂപതയിൽ പാസ്റ്ററൽ വർക്ക്, വിശ്വാസ പരിശീലനം, രൂപത വിശ്വാസ പരിശീലന പ്രമോട്ടർ തുടങ്ങിയ മേഖലകളിൽ സന്യാസിനികളുടെ സാന്നിധ്യം സജീവമാണ്.

## ❖ SOCIETY OF COTTOLENGO PRIESTS

**1993 ഒക്ടോബർ 31 ന് കോട്ടപ്പുറം രൂപതയിൽ പറവൂർ പള്ളിത്താഴത്ത് കൊത്തോലെൻഗോ വൈദികരുടെ ആദ്യഭവനം സ്ഥാപിതമായി.** വിശുദ്ധ ജോസഫ് കൊത്തോലെൻഗോ ദൈവപരിപാലനയുടെ വിശുദ്ധനാണ്. ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ ഉത്തേജിപ്പിക്കുന്നു (2 കൊറി 5,14) എന്നതാണ് ആപ്തവാക്യം. സെന്റ് ജോസഫ് കൊത്തോലെൻഗോ ഇടവക, കൊത്തോലെൻഗോ സെമിനാരി, ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് വിദ്യാഭ്യാസവും തൊഴിൽ പരിശീലനവും നല്കുവാനായിട്ടു സ്ഥാപിതമായിട്ടുള്ള കൊത്തോലെൻഗോ റിഹാബിലിറ്റേഷൻ സെന്റർ എന്നിവിടങ്ങളിലായി അഞ്ചു വൈദികർ കോട്ടപ്പുറം രൂപതയിൽ സേവനമനുഷ്ഠിക്കുന്നു.

## ❖ ദീനസേവന സഭ

ശുശ്രൂഷാ സ്നേഹത്തിലും ദാരിദ്ര്യത്തിലും ലക്ഷ്യംവച്ചുകൊണ്ടുള്ള ജീവിത ക്രമമാണ് ഈ സഭ അനുവർത്തിക്കുന്നത്. **കോട്ടപ്പുറം രൂപതയിൽ കുഞ്ഞിത്തൈ ഇടവകയിൽ 2006ൽ സന്യാസസഭ പ്രവർത്തനമാരംഭിച്ചു.** നിലവിൽ ഇടവകയോട് ചേർന്നുള്ള പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നു.

## ❖ വിശുദ്ധ വിൻസെന്റ് ഡി പോളിന്റെ ഉപവി സഹോദരികൾ.

ക്രിസ്തുവിന്റെ സ്നേഹം ഞങ്ങൾക്ക് ഉത്തേജനം നൽകുന്നു (കാരിത്താസ് ക്രിസ്റ്റി ഉർജെറ്റ് നോസ്) എന്ന ആദർശത്തിൽ ഊന്നി രൂപതയിൽ പ്രവർത്തിച്ചു വരുന്ന ഒരു സന്യാസ സമൂഹം ആണ്. **കോട്ടപ്പുറം രൂപതയിൽ തുരുത്തിപ്പുറം ഇടവകയിൽ 2002 ലാണ് ഈ സന്യാസസമൂഹം ആരംഭം കുറിച്ചത്.** മരിയ ഭവൻ നേഴ്സറി സ്ക്കൂൾ തുരുത്തിപ്പുറം, സെന്റ് ഫ്രാൻസിസ് അസ്സീസി പള്ളിയിലും, ജപമാല രാജ്ഞി പള്ളിയിലും വിശ്വാസ പരിശിലനം, ഇടവകയോട് ചേർന്നുള്ള എല്ലാ പ്രവർത്തനങ്ങളിലും സജീവ പങ്കാളിത്തം, കുടുംബയൂണിറ്റുകൾ, ഭവന സന്ദർശനങ്ങൾ, ഡോൺ ബോസ്ക്കോ ഹോസ്പിറ്റൽ സേവനം ചെയ്യുന്നു.

## ❖ SISTERS OF ST. JOSEPH BENEDICT COTTOLENGO

**1999 ജൂൺ മാസം 6 ന് വിശുദ്ധ ജോസഫ് കൊത്തോലെൻഗോ സഹോദരിമാരുടെ സേവനം കോട്ടപ്പുറം രൂപതയിൽ ആരംഭിക്കുന്നത്.** ക്രിസ്തുവിന്റെ സ്നേഹം ഞങ്ങൾക്ക് ഉത്തേജനം നൽകുന്നു (2 കോറി 5:14) എന്നതാണ് ആപ്ത വാക്യം. കുടാതെ കൊത്തോലെൻഗോ സഹോദരന്മാരുടെ നേതൃത്വത്തിൽ 27 ഓളം വരുന്ന മാനസ്സിക വെല്ലുവിളി നേരിടുന്ന സഹോദരങ്ങളെ ശുശ്രൂഷിക്കുകയും, രൂപതയുടെ കീഴിൽ പ്രവർത്തിക്കുന്ന ജൂബിലി ഹോമിൽ മുതിർന്ന വൈദികരെ സഹായിക്കുകയും, ഒപ്പം ഡോൺ ബോസ്കോ ആശുപത്രിയിൽ രോഗീ പരിചരണവും ചെയ്തു വരുന്നു.

## ❖ ഈശോയുടെ തിരുഹൃദയത്തിൻെറ കുഞ്ഞു മിഷനറിമാർ

സ്നേഹവും സ്നേഹ സേവനവും ആപ്തവാക്യം ആയി സ്വീകരിച്ച് പ്രവർത്തിച്ചുവരുന്ന ഒരു സന്യാസ സമൂഹം ആണിത്. **കോട്ടപ്പുറം രൂപതയിൽ ചാത്തനാട് ഇടവകയിൽ 1993 ഡിസംബർ 12നാണ് സന്യാസ സമൂഹം ആരംഭം കുറിക്കുന്നത്.** സിസ്റ്റേഴ്സ് രൂപതയിൽ ചെയ്യുന്ന സേവനങ്ങൾ ഇടവകയിലെ ഫാമിലി അപ്പോസ്തോലേറ്റ്, ലിറ്റർജിക്കൽ, ക്വയർ ആനിമേഷൻ, യൂത്ത് മിനിസ്ട്രി, ക്രിസ്ത്യൻ എഡ്യൂക്കേഷൻ, ഫോർമേഷൻ ഫോർ യൂത്ത് ആൻഡ് ചിൽഡ്രൻ എന്നിവയാണ്.

## ❖ കാറ്റക്കിസ്റ്റ് സിസ്റ്റേഴ്സ് ഓഫ് ദ സേക്രട്ട് ഹാർട്ട്

“എല്ലാം ഈശോയുടെ തിരുഹൃദയ മഹത്വത്തിനായ്”എന്ന ആദർശത്തിൽ ഊന്നി രൂപതയിൽ പ്രവർത്തിച്ചുവരുന്ന ഒരു സന്യാസസമൂഹം ആണിത്. **കോട്ടപ്പുറം രൂപതയിൽ 1993 ഒക്ടോബർ 31 നാണ് കോൺഗ്രിഗേഷൻ പ്രവർത്തനം ആരംഭിച്ചത്.** നിലവിൽ നോർത്ത് പറവൂർ പള്ളിത്താഴം എന്നീ സ്ഥലങ്ങളിൽ സന്യാസ സമൂഹം പ്രവർത്തിച്ചുവരുന്നു. വിശ്വാസ പരിശീലന കേന്ദ്രത്തോട് ചേർന്ന് കാറ്റക്കിസം പ്രൊമോട്ടറായി ഒരു സിസ്റ്റർ സേവനം ചെയ്ത് കൊണ്ടിരിക്കുന്നു. അതൊടൊപ്പം സെന്റ് ജോസഫ് കൊത്തോലെൻഗോ ഇടവകയോട് ചേർന്ന് നിസ്തുലമായ സേവനവും ചെയ്തു കൊണ്ടിരിക്കുന്നു.



നിന്നെ രക്ഷിക്കാൻ നിന്നോടുകൂടെ ഞാനുണ്ട്- കർത്താവ് അരുളിച്ചെയ്യുന്നു.
ജെറെമിയ 30:11

## ❖ സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് സെയിന്റ്സ് ബർത്തലോമിയ കപ്പിത്താനിയോ & വിഞ്ചെൻസ ജെറോസ (എസ്സിസിജി)

സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി സന്യാസിനിസഭ 1832 നവംബർ 21 ന് ഇറ്റലിയിലെ ലോവരേ ഗ്രാമത്തിൽ സംസ്ഥാപിതമായി. 'പിതാവായ ദൈവത്തിന്റെ കരുണാർദ്ര സ്നേഹം കാരുണ്യ പ്രവർത്തികളിലൂടെ ലോകമെങ്ങും എത്തിക്കുക' എന്ന പരിശുദ്ധാത്മാവിന്റെ ഉൾവിളി സ്വീകരിച്ചുകൊണ്ട് വിശുദ്ധ ബർത്തലോമിയ സ്ഥാപിച്ചതാണ് ഈ സന്യാസസഭ. **1995 ഒക്ടോബർ ഒന്നിന് കോട്ടപ്പുറം രൂപതയിൽ നോർത്ത് പറവൂരിലെ ഡോൺബോസ്കോ ആശുപത്രിയിൽ പ്രവർത്തനം ആരംഭിച്ചു.** ഇപ്പോൾ ഇവിടെ 11 സിസ്റ്റേഴ്സ് യേശുവിന്റെ കരുണാർദ്ര സ്നേഹം അനേകരിലേക്ക് ആതുര ശുശ്രൂഷവഴി എത്തിച്ചുകൊണ്ടിരിക്കുന്നു. ഡോൺബോസ്കോ ദൈവാലയ ഇടവകയിൽ ഡോൺബോസ്കോ ആശുപത്രിയിലും സ്കൂൾ ഓഫ് നേഴ്സിങ്ങിലും സിസ്റ്റേഴ്സ് സ്സേവനം ചെയ്യുന്നു. കൂടാതെ മതബോധനം (ഡോൺബോസ്കോ ദേവാലയം - നോർത്ത് പറവൂർ നിത്യസഹായമാതാ ദേവാലയം - ചേന്ദമംഗലം), ഭവനസന്ദർശനം, ബിസിസി യൂണിറ്റ് ആനിമേഷൻ, ഹോം മിഷൻ തുടങ്ങിയ അജപാലന രംഗത്തും സന്യാസിനികൾ പ്രവർത്തനനിരതരാണ്.

## ❖ ഫ്രാൻസിസ്കൻ സിസ്റ്റേഴ്സ് ഓഫ് സെന്റ് എലിസബത്ത്

വിശുദ്ധ ഫ്രാൻസീസിന്റെ ആധ്യാത്മിക ചൈതന്യം ഉൾക്കൊണ്ടുകൊണ്ട് കുട്ടികൾക്കും അശരണർക്കും തുണയാകുവാനും യുവജനങ്ങൾക്ക് വിദ്യാഭ്യാസം നൽകുവാനും രോഗികളെ ശുശ്രൂഷിക്കുവാനുമായി, 1888 ൽ ഇറ്റലിയിൽ മദർ ഫ്രാൻസിസ്കാ സ്ഥാപിച്ചതാണ് ഫ്രാൻസിസ്കൻ ഡോട്ടേഴ്സ് ഓഫ് സെന്റ് എലിസബത്ത് എന്ന സന്യാസിനി സഭ. **1994 ൽ കോട്ടപ്പുറം രൂപതയിൽ മടപ്ലാതുരുത്ത് സെൻറ് ജോർജ് ഇടവകയുടെ കീഴിൽ ഇന്ത്യയിലെ ആദ്യത്തെ കമ്മ്യൂണിറ്റി സ്ഥാപിക്കപ്പെട്ടു.** യുവതലമുറയെ ധാർമികമൂല്യങ്ങളിൽ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ 2010 മുതൽ വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ നാമധേയത്തിൽ മടപ്ലാതുരുത്തിൽ വിദ്യാലയം സ്ഥാപിക്കുകയും തങ്ങളുടെ നിസ്തുലമായ സേവനം തുടർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. അതോടൊപ്പം മടപ്ലാതുരുത്ത് ഇടവകയിൽ ആദ്യാത്മിക പ്രവർത്തനങ്ങളിലും വിശ്വാസ പരിശീലന മേഖലയിലും സഹായിച്ചുവരുന്നു.

## ❖ പരിശുദ്ധ കന്യകാമറിയത്തിന്റെ ദേവാലയ സമർപ്പണത്തിന്റെ പുത്രിമാർ

പരിശുദ്ധ മറിയത്തിൻെറ ആത്മിയത അനുകരിച്ച് 'ഇതാ കർത്താവിന്റെ ദാസി' എന്ന തിരുവചനം ആപ്തവാക്യമായി സ്വീകരിച്ച് ദൈവത്തിന് സമർപ്പിത ജീവിതം നയിക്കുവാനും, അഗതികളുടെയും, പ്രത്യേകിച്ച് യുവതികളുടെയും കുട്ടികളുടെയും ഉന്നമനത്തിനായി സ്വയം ജീവിതം സമർപ്പിക്കാൻ വിളിക്കപ്പെട്ട സന്യാസിനി സമൂഹമാണ് പരിശുദ്ധ കന്യകാമറിയത്തിന്റെ ദൈവാലയ സമർപ്പണത്തിന്റെ പുത്രിമാർ. **1995 മെയ് 6 ന് കോട്ടപ്പുറം രൂപതയുടെ കീഴിലുള്ള കീഴുപ്പാടം ഇടവകയോട് ചേർന്ന് ഇളന്തിക്കരയിൽ പ്രസന്റേഷൻ സന്യാസ പരിശീലന ഭവനം സ്ഥാപിതമായി.** കീഴൂപ്പാടം ഇടവക ജനങ്ങളുടെ ആത്മീയ ഉന്നമനത്തിനായി, ഇടവക പ്രവർത്തനങ്ങളായ ഭവന സന്ദർശനം, വിശ്വാസ പരിശീലനം ഇവയിൽ

സജീവ പങ്കാളിത്തം വഹിക്കുന്നു. കൂടാതെ ആരാധന ക്രമപരമായ കാര്യങ്ങളിലും അൾത്താര വൃത്തിയായും മനോഹരമായയും സൂക്ഷിക്കുന്നതിന് സിസ്റ്റേഴ്സിനോട് ചേർന്ന് സന്യാസാർത്ഥിനികളും പ്രവർത്തിക്കുന്നു.

## ❖ തിരുഹൃദയ സമർപ്പിത സന്യാസ സമൂഹം

ഒബ്ലേറ്റ് സിസ്റ്റേഴ്സ് ഓഫ് ദി സെക്രെഡ് ഹാർട്ട് ഓഫ് ജീസസ് (തിരുഹൃദയ സമർപ്പിത സന്യാസ സമൂഹം- OSHJ). 'എനിക്ക് വിശുദ്ധരായ വൈദികരെ തരൂ' എന്ന തിരുഹൃദയ നാഥന്റെ രോദനം ഉൾക്കൊണ്ടുകൊണ്ട് പാപപരിഹാരം ചെയ്യുകയും, ദിവ്യകാരുണ്യ ആരാധനയും പുരോഹിതരുടെ വിശുദ്ധിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്ന സന്യാസ സമൂഹമാണ്. **2021 ജൂൺ 5 ന് കോട്ടപ്പുറം രൂപതയിൽ രൂപത പാസ്റ്റർ സെന്റർ, വികാസ് ആനിമേഷൻ സെന്ററിൽ സേവനം ആരംഭിച്ചു.** ഇന്ന് 3 സിസ്റ്റേഴ്സ് സേവനമനുഷ്ഠിക്കുന്നു. ഒരു സിസ്റ്റർ കിഡ്സിൽ സേവനം ചെയ്യുന്നു.

## ❖ DAUGHTERS OF MARY IMMACULATE UNDER THE PROTECTION OF ST. JOSEPH (വിശുദ്ധ യൗസേപ്പിതാവിന്റെ സംരക്ഷണയിലുള്ള അമലോത്ഭവമാതാവിന്റെ മക്കൾ)

ഇറ്റലിയിലെ മൊളാരേ എന്ന സ്ഥലത്ത് മിഷനറി വൈദികനായിരുന്ന ഫാദർ സെബസ്ത്യാനോ സെർബിനോ ആണ് വിശുദ്ധ യൗസേപ്പിതാവിന്റെ സംരക്ഷണയിലുള്ള അമലോത്ഭവ മാതാവിന്റെ മക്കൾ എന്ന സന്യാസിനി സഭയുടെ സ്ഥാപകൻ. **കോട്ടപ്പുറം രൂപതയിൽ ചെട്ടിക്കാട് വിശുദ്ധ അന്തോണീസ് പുണ്യവാന്റെ മധ്യസ്ഥതയിലുള്ള ഇടവകയിൽ 1998 ഏപ്രിൽ നാലാം തീയതി യൗസേപ്പിതാവിന്റെ സംരക്ഷണയിലുള്ള അമലോത്ഭവ മാതാവിന്റെ മക്കൾ എന്ന സന്യാസിനി സമൂഹം തങ്ങളുടെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.** മതബോധനം, ഭവന സന്ദർശനം, ഇടവക സേവനം, മിഷൻ പ്രവർത്തനങ്ങൾ, കുട്ടികളുടെ വിദ്യാഭ്യാസം, വിധവകളുടെ സംഘടനയായ റൂത്ത് എന്നീ മേഖലകളിൽ സജീവമായി പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടിരിക്കുന്നു.

## ❖ കുരിശിന്റെ വിശുദ്ധ പൗലോസിന്റെ പീഡാനുഭവ സഹോദരിമാർ

കുരിശിന്റെ വിശുദ്ധ പൗലോസിന്റെ ആത്മീയത ഉൾക്കൊണ്ട് 1815 ൽ ഇറ്റലിയിലെ ഫ്ളോറൻസിൽ പീയുസ് ഏഴാമൻ പാപ്പയുടെ ആശീർവാദത്തോടെയും അനുവാദത്തോടും കൂടി ധന്യയായ (Venerable) മരിയ മഗ്ദലേന ഫ്രെസ് കോബാൾഡി കപ്പോനിയാൽ സ്ഥാപിതമായ പാഷനിസ്റ്റ് സഹോദരിമാരുടെ സഭ 28 രാജ്യങ്ങളിലായി വ്യാപിച്ചു കിടക്കുന്നു. യേശുവിന്റെ സഹനത്തിൽ ജീവിച്ച്, മറ്റുള്ളവർക്ക് ആ സഹനത്തിന്റെ ഓർമ്മ പകർന്നു നൽകുക, ചെയ്തുപോയ പാപങ്ങൾക്ക് പരിഹാരം ചെയ്യുക, പാപികളുടെ മാനസാന്തരത്തിനുവേണ്ടി പ്രാർത്ഥിക്കുക, കൃതജ്ഞത ഉള്ളവർ ആയിരിക്കുക എന്നതാണ് പാഷനിസ്റ്റ് കാരിസം. വിദ്യാഭ്യാസം, സ്ത്രീ സുരക്ഷിതത്വം എന്നിവയാണ് പ്രധാന ദൗത്യം. **കോട്ടപ്പുറം രൂപതയിലെ മാനാഞ്ചേരിക്കുന്ന് ഇടവകയുടെ കീഴിൽ 2008 മുതൽ സിസ്റ്റേഴ്സ് സെന്റ് ഗബ്രിയേൽ കോൺവെന്റിൽ പ്രവർത്തിച്ചുവരുന്നു.** ഇടവകയിലെ വിവിധ പ്രവർത്തനങ്ങളിലും തങ്ങളുടെ സേവനം അനുഷ്ഠിച്ചുപോരുന്നു. ■



കർത്താവിനെ ഞാൻ പാടി സ്തുതിക്കും.
എന്തെന്നാൽ, അവിടുന്നു മഹത്വപൂർണ്ണമായ വിജയം നേടിയിരിക്കുന്നു.
പുറ 15:11



# കോട്ടപ്പുറം രൂപതയുടെ വളർച്ചയിൽ യുവജനങ്ങളുടെ പങ്ക്

**ജെൻസൻ ജോയ്**
ജനറൽ സെക്രട്ടറി, KCYM
കോട്ടപ്പുറം രൂപത

**കോ**ട്ടപ്പുറം രൂപത യുവജന പ്രസ്ഥാനത്തിന്റെ തുടക്കം 1988 ഏപ്രിൽ മാസത്തിലാണ്. മാതൃരൂപതയായ വരാപ്പുഴയിലെ യുവജന പ്രസ്ഥാനത്തിന്റെ തുടർച്ചയായിട്ടാണ് കോട്ടപ്പുറത്തെ കെ.സി.വൈ.എം പ്രവർത്തിച്ചുവരുക. സഭയുടെ ഔദ്യോഗിക യുവജന പ്രസ്ഥാനമായ കെ.സി.വൈ.എം-ന്റെ പ്രധാന ലക്ഷ്യം 'വ്യക്തികളുടെ സമഗ്ര വളർച്ചയും സമൂഹത്തിന്റെ സമ്പൂർണ്ണ വിമോചനവുമാണ്. നമ്മുടെ രൂപതയിൽ ശക്തമായ ഒരു യുവജന നേതൃത്വനിര രൂപതയുടെ പിറവികാലം മുതൽ പ്രവർത്തിച്ചിരുന്നു. അഭിവന്ദ്യ പിതാക്കന്മാരുടെ നിർലോഭമായ പ്രോത്സാഹനവും കെ.സി.വൈ.എം ഡയറക്ടേഴ്സിന്റെ പിന്തുണയും സഭയോടും സമൂഹത്തോടും പ്രതിബദ്ധതയുള്ള യുവജനങ്ങളും ഒന്നിച്ച് നീങ്ങിയപ്പോൾ രൂപതയിലും പൊതുസമൂഹത്തിലും അംഗീകരിക്കപ്പെട്ട പ്രസ്ഥാനമായി കെ.സി.വൈ.എം.

കെ.സി.വൈ.എം പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ പ്രധാനമായും 5 ഫോറങ്ങളിലൂടെയാണ് നടക്കുന്നത്. വിദ്യാഭ്യാസം, വനിത, സാമൂഹിക - രാഷ്ട്രീയം, കലാസാഹിത്യ - കായിക, ആത്മീയ ഫോറം. ഇടവതലങ്ങളിൽ യുവജന പ്രസ്ഥാനത്തെ ശാക്തീകരിക്കുന്നതിനായി സഭയുടെ അടിസ്ഥാനഘടകമായ കുടുംബയൂണിറ്റുകൾക്ക് പ്രാധാന്യം വരുത്തക്ക രീതിയിൽ ഓരോ യൂണിറ്റിൽ നിന്നും ഒരു യുവാവിനെയും ഒരു യുവതിയെയും തെരഞ്ഞെടുത്ത് ഇടവക തലത്തിൽ യുവജന ശുശ്രൂഷ സമിതി രൂപീകരിക്കുകയും ഈ സമിതിയിൽ നിന്നും കെ.സി.വൈ.എം. ഇടവക യൂണിറ്റുകൾക്ക് രൂപം നൽകുകയും രൂപതയിൽ വർഷത്തിൽ ഒരിക്കൽ ചേരുന്ന യൂത്ത് അസംബ്ലിയിൽ ഇടവക യൂണിറ്റ് പ്രതിനിധികൾ പങ്കെടുക്കുകയും രണ്ടു വർഷത്തിലൊരിക്കൽ രൂപത ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ചെയ്യുന്നു.

നമ്മുടെ രൂപതയിൽ പ്രാരംഭ കാലഘട്ടം മുതൽ കെ.സി.വൈ.എംന്റെ ലക്ഷ്യം മുന്നിൽ കണ്ട് ശക്തമായ വിവിധ കർമ്മ പരിപാടികൾ സംഘടിപ്പിച്ചിരുന്നു. എല്ലാവർഷവും ഓണാവധിക്കാലത്ത് മൂന്നു ദിവസത്തെ റസിഡൻഷ്യൽ ക്യാമ്പ് മുടങ്ങാതെ നടത്തിയിരുന്നതിനാൽ ഈ ക്യാമ്പിലൂടെ ഓരോ വർഷവും സഭയോടൊപ്പം ചേർന്നുനിന്ന് ചിന്തിക്കുകയും

പ്രവർത്തിക്കുകയും ചെയ്യുന്ന നിരവധി അല്മായ നേതൃത്വങ്ങളെ രൂപതയ്ക്ക് നൽകാൻ കഴിഞ്ഞിട്ടുണ്ട്. ഇന്നും രൂപതയിൽ പ്രധാനപ്പെട്ട അല്മായ നേതാക്കളിൽ ഭൂരിഭാഗം പേരും കേരള കത്തോലിക്ക യുവജനപ്രസ്ഥാനത്തിലൂടെ കടന്നുവന്നവരാണ്. വിദ്യാഭ്യാസ രംഗത്തെ പ്രതിഭകളെ പ്രോത്സാഹിപ്പിക്കുവാൻ നടത്തുന്ന മെറിറ്റ് ഇവനിംഗുകൾ കെ.സി.വൈ.എം.-ന്റെ പ്രസ്റ്റീജ് കർമ്മ പരിപാടിയാണ്. മാത്രമല്ല സമൂഹം നേരിടുന്ന ഏതൊരു പ്രശ്നത്തെക്കുറിച്ച് പഠിക്കുവാനും പ്രതികരിക്കുവാനും പൊതുസമൂഹത്തിന് ബോധവൽക്കരണം നൽകാനും കെ.സി.വൈ.എം. പതിറ്റാണ്ടുകളായി മുന്നിട്ട് നിന്ന് പ്രവർത്തിക്കുന്നു. ജനങ്ങളുടെ പ്രശ്നങ്ങൾ അധികാരികളുടെ സമക്ഷം എത്തിക്കാൻ സമരമാർഗത്തിലൂടെ ചലിച്ച നിരവധി ഉദാഹരണങ്ങൾ ഉണ്ട്. ഇവയിൽ ഏറ്റവും ഉജ്ജ്വലമായ സമരമായിരുന്നു 75 ദിവസം നീണ്ടുനിന്ന മുനമ്പം അഴിമുഖത്തെ മണൽ തിട്ട നീക്കം ചെയ്യാനും, അഴിമുഖത്തിന്റെ വികസനം നടപ്പിൽ വരുത്തുവാനും ഉന്നയിച്ചു നടത്തിയ സമരം. കൂടാതെ ഗോതുരുത്ത് ലിങ്ക് പാലത്തിനായുള്ള സമരം, സർക്കാരിന്റെ മദ്യ നയത്തിനെതിരെയുള്ള അനിശ്ചിതകാല ഉപവാസ സമരം തുടങ്ങിയവ ചിലതു മാത്രമാണ്. മാത്രമല്ല ആദർശനിഷ്ഠയുള്ള യുവജന നേതാക്കളെ തദ്ദേശസ്ഥാപങ്ങളിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ നൽകുവാനും കെ.സി.വൈ.എം. പ്രസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. പിന്നോക്ക വിഭാഗത്തിന്റെ സംവരണത്തിനായിട്ടുള്ള മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കാനും വിദ്യാലയ രാഷ്ട്രീയത്തിനെതിരെയും ശക്തമായി പൊരുതുവാൻ കെ.സി.വൈ.എം.ന് സാധിച്ചിട്ടുണ്ട്.

കെ.സി.വൈ.എം. പ്രസ്ഥാനം ക്രൈസ്തവ ദർശനം ഉൾക്കൊണ്ടുകൊണ്ട് രൂപതയുടെ സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായി തന്നെയാണ് ഇത്തരത്തിലുള്ള കർമ്മപരിപാടികളിൽ മുന്നിട്ടു നിന്നിരുന്നത്. പരിസ്ഥിതിയെ സംരക്ഷിക്കുവാനുള്ള ഉത്തരവാദിത്വം യുവജനങ്ങളുടേതാണെന്ന് ബോധ്യപ്പെടുത്തുന്നതിനായി നടത്തിയ ഗ്രാമദർശന ക്യാമ്പുകൾ, പെരിയാർ കാവ്യമേള, മാനവ മൈത്രി ജാഥ, തീരദേശ ജനങ്ങളുടെ സംരക്ഷണം ഉറപ്പാക്കുവാൻ നടത്തിയ വാഹനജാഥ തുടങ്ങിയവ രൂപതയുടെ സാമൂഹ്യപ്രതിബദ്ധതയുടെ മുഖം അടയാളപ്പെടുത്തലായിരുന്നു.

ചുരുക്കിപ്പറഞ്ഞാൽ യേശുവിന്റെ വിമോചന ദൗത്യം ഉള്ളിൽ പേറി കത്തോലിക്ക യുവജനപ്രസ്ഥാനത്തിലെ യുവജനങ്ങൾ തങ്ങളുടെ സമയവും കഴിവും സാമ്പത്തികവും ഒക്കെ സഭയ്ക്കും സമൂഹത്തിനുമായി പങ്കുവയ്ക്കുവാൻ നാലു പതിറ്റാണ്ടുകളായി യജ്ഞിക്കുന്നുണ്ട്. രൂപതയുടെ വളർച്ചയുടെ പടവുകളിൽ തനതായ പ്രവർത്തന ശൈലിയിലൂടെ, വ്യക്തമായ ദർശങ്ങളിലൂടെ ദീർഘവീക്ഷണത്തോടെ കത്തോലിക്ക യുവജന പ്രസ്ഥാനത്തിന് വ്യക്തമായ സ്ഥാനം ഉറപ്പിക്കാൻ ഇതിനകം കഴിഞ്ഞിട്ടുണ്ട് എന്ന ചാരിതാർത്ഥ്യത്തോടെ ഇന്നും യുവജനപ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ കാലാനുസൃതമായ മാറ്റങ്ങൾക്ക് ഒപ്പം മുന്നോട്ടു പോകുന്നു.

യുവത്വം വളർച്ചയാണ്. ഇന്ന് യുവത്വം നമ്മുടേതാണ്. നാളെ അത് വരുംതലമുറയ്ക്ക് കൈമാറേണ്ടിയിരിക്കുന്നു. സഭയെയും സമൂഹത്തെയും ചലിപ്പിക്കുവാൻ നമുക്കു മാത്രമേ സാധിക്കൂ. ഫ്രാൻസിസ് പാപ്പയുടെ വാക്കുകൾ ഉദ്ധരിക്കുന്നു – "നിങ്ങളുടെ കഴിവുകൾ പരിപൂർണ്ണമായി ഉപയോഗിച്ച് വൻ കാര്യങ്ങൾ സ്വപ്നം കണ്ട് പ്രവർത്തിക്കുക." ■



കർത്താവേ, അങ്ങയെപ്പോലെ മറ്റാരുമില്ല. അങ്ങ് വലിയവനാണ്. അങ്ങയുടെ നാമം മഹാത്മ്യപൂർണ്ണമാണ്.
ജെറെമിയ 10:6

# പുഴ മുട്ടിലെ ഇളംകാറ്റ്



ടോമി ഒ.കെ.

പള്ളിക്കടവിലെ പുഴ മുട്ടിൽ മീനമാസത്തിലെ സായംസന്ധ്യയിൽ ചങ്ങാതിമാരൊത്ത് പ്രാദേശികവും അന്തർദേശീയവുമായ വാർത്തകൾ തലനാരിഴ കീറി വിശകലനം ചെയ്യുന്ന തിനിടയിൽ ഞാൻ നക്ഷത്രങ്ങൾ കണ്ണുചിമ്മുന്ന ആകാശത്തേക്കൊന്ന് കണ്ണോടിച്ചു. വെൺ മേഘക്കീറിനരികിൽ കാർമേഘക്കീറിനരികിൽ കാർമേഘത്തിന്റെ ഒരു നിഴലാട്ടം കണ്ട് ഞാൻ ആർത്തു ചിരിച്ചു. കാരണം, ഇന്നെങ്കിലും അരിക് കീറി പോളകളുടെ ഇഴകൾ പൊട്ടി ചുക്കി ച്ചുളുങ്ങിയ തഴപ്പായയ്ക്ക് വിയർപ്പിന്റെ ഗന്ധമില്ലാത്ത എന്നെ ഇന്ന് ചുമക്കാമല്ലോയെന്നോർ ത്ത്. ജീവന്റെ നിലനിൽപ്പിന് വിയർപ്പ് അന്ത്യന്താപേക്ഷികമാണെങ്കിലും കാൽമുട്ടു വേദനയ്ക്ക് പുരട്ടിയ കുഴമ്പിൽ ഉപ്പുരസമുള്ള വിയർപ്പും കൂടിച്ചേരുമ്പോൾ ഉള്ള ദുർഗന്ധം അസഹ്യമാ ണെന്നും പല പുലരികളിലും തഴപ്പായ എന്നോട് പരാതിപ്പെടാറുണ്ട്. എന്തുചെയ്യാം, കുടിയാന്റെ നെടുവീർപ്പിന് ചെവികൊടുക്കാൻ തയ്യാറാകാത്ത അടിയാന്റെ പ്രതിനിധിയാണ് താൻ എന്നകാര്യം തഴപ്പായയ്ക്ക് അറിയില്ലല്ലോ. ഞാൻ ഒന്നുകൂടി ആ കാർമേഘത്തിലേക്ക് തലയുയർത്തി നോക്കി. മനുഷ്യന്റെയും മൃഗങ്ങളുടെയും വൃക്ഷങ്ങളുടെയും രൂപത്തിൽ മഴ മേഘങ്ങൾ മാറിമാറി വന്നപ്പോൾ അടുത്തിരുന്ന ആൻസൻ മാഷ് തന്റെ സ്വതസിദ്ധമായ ചിരി യോടുകൂടി പറഞ്ഞു. മഴമേഘങ്ങളാണെങ്കിലും അവ ഇതുപോലെ രൂപമെടുത്തപ്പോൾ എന്തു ഭംഗിയാണല്ലേ. എന്തുകൊണ്ട് നമ്മൾ ഇതൊക്കെ ആസ്വദിക്കാതെ പോകുന്നു? മനുഷ്യരുടെ ആസ്വാദനത്തിനു തന്നെ വലിയ മാറ്റം സംഭവിച്ചിട്ടുണ്ട്. പ്രകൃതിയിൽ വന്നുപോകുന്ന ഈ കാഴ്ച വാസ്തവത്തിൽ ജീവിതത്തിന്റെ തന്നെ പ്രതിബിംബങ്ങൾ അല്ലേ മാഷേ.

കാൽമുട്ടിലെ കടുത്ത വേദനയും ചൂടിന്റെ അസഹ്യതയുംകൊണ്ട് ഉറക്കത്തിന്റെ അസ്വ സ്ഥതകൾ മാത്രം ആലോചിച്ചിരുന്ന എനിക്ക് ആൻസൻ മാഷിന്റെ തത്വചിന്തകൾ അത്ര രുചിച്ചില്ല. എന്റെ കാതിൽ മുഴങ്ങിക്കൊണ്ടി രുന്നത് തഴപ്പായയുടെ പ്രതികരണശേഷി കുറഞ്ഞ കരച്ചിലായിരുന്നു. എന്റെ ദുർഗന്ധം സഹിച്ച് എന്നെമാത്രം ചുമക്കാൻ വിധിക്കപ്പെട്ട തഴപ്പായ. ചാണകം മെഴുകിയ മുറിയുടെ മൂല യിലിരുന്ന് തഴപ്പായയും ഇന്ന് ഒരുപക്ഷേ എന്നെപ്പോലെ ഒരു മഴയെ പ്രതീക്ഷിക്കുന്നു ണ്ടാകും. കാരണം വെയിൽകൊണ്ട് ഉണങ്ങി ദ്രവിച്ച ഓലക്കീറിനിടയിലൂടെ വേനൽ മഴ ഊർന്നിറങ്ങി ഒന്നു നനഞ്ഞാൽ അടുത്ത പകൽ ചൂടുള്ള വെയിൽ കൊള്ളാൻ പറ്റിയേക്കും. അങ്ങനെ എന്റെ വിയർപ്പിന്റെ നാറ്റവും തഴ പ്പായപ്പോളകൾക്കിടയിലെ വർഷങ്ങളായുള്ള പൊടിയും പൂപ്പലും കുറച്ച് മാറിക്കിട്ടിയേനേ.

ചിന്തയുടെ ലോകത്തിൽ നിന്ന് ആകാശ ത്തേക്ക് ഒന്നുകൂടി ഞാൻ കൺതുറന്നു. അ വിടെ വെൺമേഘങ്ങളെയും കാർമേഘങ്ങ ളെയും ആട്ടിയോടിച്ച് ചന്ദ്രൻ നല്ല ശോഭ യോടെ ചിരിച്ചുകൊണ്ട് നിൽക്കുന്നു. അടു ത്തിരുന്ന ആൻസൻ മാഷ് നേരത്തേ മൊബൈ

ലിൽ പകർത്തിയ മഴമേഘങ്ങളുടെ ചിത്രങ്ങൾ കൊണ്ട് നാളത്തെ 'വോയ്സ് ഓഫ് സ്മൈലി'ന് വേണ്ടിയുള്ള പണികൾ ചെയ്തുകൊണ്ട് പുഴ മുട്ടിലെ കാക്ക കാഷ്ഠിക്കാത്ത ഒരിടം നോക്കി നിവർന്നു കിടക്കുകയാണ്. മാഷ് വീണ്ടും വാചാലനായി; എത്രയോ കഥകൾക്ക്, ആഘോഷങ്ങൾക്ക്, ചർച്ചകൾക്ക്, സംഭവങ്ങൾക്കൊക്കെ സാക്ഷ്യം വഹിച്ചിട്ടുള്ളതാണീ പുഴ മുട്ട്. എന്നാൽ കാലം പുഴ മുട്ടിനെയും കാക്ക തൂറിത്തോൽപ്പിച്ചു. സ്നേഹത്തിന്റെയും വിരഹത്തിന്റെയും ആത്മകഥകൾ കേട്ട് പുളകിതമായിരുന്ന ഈ പുഴമുട്ട് ഇന്ന് കാക്കകൾക്ക് വിസർജ്ജിക്കാനുള്ള ഒരിടത്താവളമാക്കിയെങ്കിലും ഓർമ്മകളെ പുല്കുന്ന നേരത്ത് ഈ പുഴ മുട്ടിനെ മറക്കാനാകില്ല ഇന്നത്തെ ഒരു മദ്ധ്യവയസ്കനും. അതുകൊണ്ടു മാത്രമാണ് സായംസന്ധ്യയിലെ ഇളംകാറ്റിനൊപ്പം നേരിയ ദുർഗന്ധമുണ്ടെങ്കിലും സിമന്റിട്ട ഈ പുഴമുട്ടിൽ ഇങ്ങനെ നിവർന്നു കിടക്കാനാവുന്നത് എന്നു പറയുമ്പോൾ ആൻസൻ മാഷിന്റെ മുഖത്തെ തെളിച്ചം നിലാവിന്റെ വെട്ടത്തിൽ എനിക്കും ഹൃദ്യമായി തോന്നി.

മൊബൈൽ ഫോൺ സ്വപ്നങ്ങളിൽ പോലും എത്തിനോക്കാതെ മനുഷ്യമനസ്സുകൾ തമ്മിൽത്തമ്മിൽ ചൂടറിഞ്ഞിരുന്ന കഴിഞ്ഞകാലത്ത് എത്രയോ നന്മപ്രവർത്തികളുടെ ഈറ്റില്ലമായിരുന്നു ഈ പുഴമുട്ട്. മാഷ് വീണ്ടും വാചാലനായി. എത്രയെത്ര ജന്മദിനാഘോഷങ്ങൾ, എത്രയെത്ര തീരുമാനങ്ങൾ, എത്ര മാത്രം വേദനയുടെ ദീർഘനിശ്വാസങ്ങൾ, വിരഹവ്യഥയുടെ നിശബ്ദമായ തേങ്ങലുകൾ എന്നുവേണ്ട എൺപതു കാലഘട്ടത്തിൽ കുറുമ്പത്തുരുത്തിലെ യൂത്തിന്റെ ഹൃദയത്തിലെ വിശ്വസ്തമായ ഒരിടംതന്നെയായിരുന്നു ഈ പുഴ മുട്ട് ശാന്തമായ പുഴയെ കീറിമുറിച്ചുകൊണ്ട് മണൽവാരാൻ പോകുന്ന വള്ളങ്ങളുടെ എഞ്ചിന്റെ ശബ്ദത്തിൽ ആൻസൻ മാഷ് ശേഷം പറഞ്ഞ വാക്കുകളൊക്കെ മുങ്ങിപ്പോയി. എന്നാലും ഞാൻ ഓർക്കുകയാരിരുന്നു, കാലം എത്ര കടന്നുപോയിരിക്കുന്നു. തലമുടിയുടെ നിറം വെളുക്കുകയും വെളുത്ത തലമുടി നിറംതേച്ച് കറുപ്പിക്കുമ്പോഴും ഈ പുഴ മുട്ടിന് യാതൊരു മാറ്റവും സംഭവിച്ചിട്ടില്ല. ചെങ്കല്ലുകൾക്കു മുകളിൽ തേച്ചിരുന്ന സിമന്റ് അടർന്നുപോയെങ്കിലും പള്ളി കൈക്കാരന്മാർ അവിടെയൊക്കെ സിമന്റു തേച്ച് ഭംഗിയാക്കിയിട്ടുണ്ട്. പുഴമുകളിൽ താഴേക്കു കാലിട്ടിരിക്കുമ്പോൾ കാൽമുട്ടിലെ വേദനയ്ക്കു നേരിയ ആശ്വാസമുണ്ടെന്ന് ഞാൻ പറഞ്ഞപ്പോൾ, ഏതോ യാത്ര കഴിഞ്ഞ് തിരിച്ചുവന്ന പ്രിൻസ് മാഷും പുഴ മുട്ടിന്റെ അറ്റത്ത് ചേർന്നിരുന്നുകൊണ്ടു പറഞ്ഞു, വേദന തീർത്തും ആപേക്ഷികമാണ് മാഷേ. അല്ലെങ്കിൽത്തന്നെ സന്ധ്യയ്ക്ക് ഈ പുഴമുട്ടിലിരിക്കുമ്പോൾ ഏതു വേദനയ്ക്കാണ് കുറവുണ്ടാകാത്തത്? ഇതു കേട്ട് ആൻസൻ മാഷ് മൊബൈലിൽ നിന്നും കണ്ണെടുക്കാതെ പറഞ്ഞു, എല്ലാ വേദനകളും നമുക്കു തരുന്നത് പ്രകൃതിയാണ്. ആ വേദന മാറ്റാനുള്ള മാർഗ്ഗവും നമുക്ക് കാണിച്ചു തരുന്നുണ്ട് പ്രകൃതി. എന്നാൽ നമ്മളത് കാണാതെ പോവുകയാണ് പതിവ്.

ഞാൻ ഒരിക്കൽക്കൂടി മുകളിലേക്കു നോക്കി. ആകാശത്തൊരിടത്തും കാർമേഘങ്ങളുടെ ഒരു തരിപോലുമില്ല. ഞാൻ അസഹ്യതയോടെ മന്ത്രിച്ചു, മഴ ഇന്നും അന്യമാണ്. വേദനയോടെയാണെങ്കിലും കാലുമടക്കി ഞാൻ എഴുന്നേറ്റ് യാത്ര പറയുമ്പോഴും പുഴമുട്ടിൽ നിവർന്നു കിടന്ന് നക്ഷത്രങ്ങൾ എണ്ണിക്കൊണ്ടിരുന്ന ആൻസൻ മാഷിന്റെ മുഖത്ത് നിർവൃതിയുടെ ഒരു നിഴലാട്ടം കാണുന്നുണ്ടായിരുന്നു.

വിയർത്തൊലിക്കുന്ന കാൽമുട്ടുകളിൽ കുഴമ്പു തേച്ചുപിടിപ്പിച്ച് തഴപ്പായയിലേക്കു ചായുമ്പോൾ ഞാൻ ഓർത്തു. ഈ തഴപ്പായയയേക്കാൾ എന്തുകൊണ്ടും നല്ലത് കാക്കകൾ കാഷ്ഠിച്ചതെങ്കിലും ആ പുഴമുട്ടു തന്നെ, അവിടുത്തെ ഇളം കാറ്റുതന്നെ.

■



കർത്താവേ, ഞാൻ അങ്ങയുടെ രക്ഷ കാംക്ഷിക്കുന്നു; അങ്ങയുടെ നിയമമാണ് എന്റെ ആനന്ദം.
സങ്കീ 119:174



# വിവാഹം



**ഫാ. സിജോ വേലിക്കകത്തോട്ട്**
മതബോധന ഡയറക്ടർ

**വി**. ഗ്രന്ഥം തുടങ്ങുന്നത് ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും പുരുഷനെയും സ്ത്രീയെയും സൃഷ്ടിക്കുന്ന വിവരണത്തോടെയാണ്; അവസാനിക്കുന്നത് "കുഞ്ഞാടിന്റെ വിവാഹസദ്യ"യെപ്പറ്റിയുള്ള ദർശനത്തോടെയും. വിശ്വാസത്തിന്റെ വഴിത്താരയിൽ വിവാഹമെന്ന കൂദാശയെക്കുറിച്ചുള്ള സഭാപഠനങ്ങളാണ് ഇത്തവണ പങ്കുവയ്ക്കുന്നത്. ലത്തീൻ റീത്തിൽ രണ്ട് കത്തോലിക്കാ വിശ്വാസികൾ തമ്മിലുള്ള വിവാഹം സാധാരണ ഗതിയിൽ വി. കുർബാന മദ്ധ്യേയാണ് ആഘോഷിക്കുന്നത്. വി. കുർബാനയിൽ നവദമ്പതികളുടെ മേൽ പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിനായുള്ള പ്രാർത്ഥന ഏറെ അർത്ഥപൂർണ്ണമാണ്. ഇതിലൂടെ പരിശുദ്ധാത്മാവ് അവരുടെ ഉടമ്പടിയുടെ മുദ്രയും അവരുടെ സ്നേഹത്തിന്റെ വറ്റാത്ത ഉറവയും, അവരുടെ വിശ്വസ്തതയെ നവീകരിക്കുന്ന ശക്തിയുമാകുന്നു. വിവാഹ ഉടമ്പടിയിൽ ഏർപ്പെടുന്നവർ സ്വാതന്ത്ര്യമുള്ളവരും സ്വതന്ത്രമായി തങ്ങളുടെ സമ്മതം പ്രകടിപ്പിക്കുന്നവരും മാമ്മോദീസ സ്വീകരിച്ചവരുമായ പുരുഷനും സ്ത്രീയുമാണ് (CCC 1734).

വിവാഹബന്ധം ദൈവത്താൽ സ്ഥാപിതമാണ്; അതിനാൽ മാമ്മോദീസ സ്വീകരിച്ച രണ്ടു വ്യക്തികൾ തമ്മിൽ നടത്തിയതും പൂർണ്ണതയിലെത്തിയതുമായ വിവാഹം ഒരിക്കലും വേർപെടുത്താൻ പാടില്ല. ദാമ്പത്യ സ്നേഹം വ്യക്തികൾ തമ്മിലുള്ള ശാരീരികമായ ഐക്യത്തിനപ്പുറം ഹൃദയത്തിന്റെയും ആത്മാവിന്റെയും തലത്തിലുള്ള ആഴമായ ഐക്യം അതു ലക്ഷ്യമാക്കുന്നു. പരസ്പരം സമ്പൂർണ്ണമായി ആത്മദാനം ചെയ്യാമെന്ന് വിവാഹ വാഗ്ദാനത്തോടെ അനുദിനം വിശ്വസ്തത പുലർത്തിക്കൊണ്ട് നിരന്തരം കൂട്ടായ്മയിൽ വളരുവാനുള്ള ആഹ്വാനമാണ് ദമ്പതികൾക്ക് ലഭിച്ചിരിക്കുന്നത്.

ദാമ്പത്യസ്നേഹം അതിന്റെ സ്വഭാവത്തിൽ തന്നെ ദമ്പതികളുടെ അലംഘനീയമായ വിശ്വസ്തത ആവശ്യപ്പെടുന്നു. മാത്രമല്ല, വൈവാഹിക സ്നേഹം അവയുടെ പ്രകൃതിയിൽത്തന്നെ സന്താനോത്പാദനത്തിനും അവരുടെ വിദ്യാഭ്യാസത്തിനും വേണ്ടി നിയോഗിക്കപ്പെട്ടതാണ്. സന്താനങ്ങളിലാണ് അതു മകുടം ചൂടുന്നത് (CCC 1652). വിവാഹ കൂദാശ ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കുന്നു. ക്രിസ്തു തന്റെ സഭയെ സ്നേഹിച്ച ആ സ്നേഹംകൊണ്ട് പരസ്പരം സ്നേഹിക്കുവാൻ അതു ദമ്പതികൾക്ക് കൃപാവരം നൽകുന്നു.

വിവാഹ പങ്കാളികളുടെ സമ്മതമാണ് വിവാഹത്തിന്റെ അടിസ്ഥാനം. ബഹുഭാര്യത്വം വിവാഹത്തിന്റെ ഏകതയ്ക്ക് വിരുദ്ധമാണ്. വിവാഹമോചനം ദൈവം യോജിപ്പിച്ചതിനെ വേർപെടുത്തുന്നതാണ്. മക്കൾ വിശ്വാസത്തിന്റെ ആദ്യ സന്ദേശം സ്വീകരിക്കുന്നിടമാണ് ക്രൈസ്തവ കുടുംബം. അതിനാലിത് "ഗാർഹിക സഭ" എന്നു വിളിക്കപ്പെടുന്നു. അത് കൃപാവരത്തിന്റെയും പ്രാർത്ഥനയുടെയും മാനുഷിക സുകൃതങ്ങളുടെയും ക്രൈസ്തവ സ്നേഹത്തിന്റെയും പരിശീലന കളരിയാണ്. അതിനാൽ ദൈവം യോജിപ്പിച്ചത് മനുഷ്യൻ വേർപെടുത്താതിരിക്കട്ടെ. ■




# ബൈബിൾ പശ്ചാത്തലപഠനം

ഫാ. രൂപേഷ് മൈക്കിൾ കളത്തിൽ

**ഒ**രു ജനത അവരുടെ അതിജീവനത്തെ സാധ്യമാക്കുന്നതിനു ആശ്രയിക്കുന്ന മുഖ്യ മാർഗങ്ങളിലൊന്നാണ് സമരങ്ങളുടേത്. നൂറ്റാണ്ടുകളായി മനുഷ്യരാശി അധികാര കേന്ദ്രങ്ങൾക്കെതിരെ നടപ്പിലാക്കിവരുന്ന പ്രതികരണ ശീലങ്ങളുടെ പ്രത്യക്ഷ രീതിയാണ് സമരങ്ങൾ. ജനങ്ങളെ അവകാശങ്ങളെക്കുറിച്ച് ബോധ്യപ്പെടുത്തുകയും സംഘടിപ്പിക്കുകയും ചെയ്യുന്ന നേതൃത്വവും, അവരോടൊപ്പം നിൽക്കുന്ന അണികളും ചേർന്നാണ് സമര പദ്ധതികൾ നടപ്പിലാക്കി വരുന്നത്. കൃത്യമായ ഒരു ലക്ഷ്യബോധമാണ് എല്ലാ സമരങ്ങൾക്കും ഉള്ളത്. ഈ ലക്ഷ്യബോധം നേടിയെടുക്കുവാൻ വ്യത്യസ്തമായ മാർഗങ്ങളും പദ്ധതികളും എല്ലാ സമരങ്ങൾക്കും ഉണ്ടായിരിക്കും.

രണ്ടുതരത്തിൽ സമരങ്ങൾ ചെയ്യാമെന്ന് സമരചരിത്രങ്ങൾ ഓർമിപ്പിക്കുന്നു. ഒന്നാമത്തെ സമരമാർഗം കായികമായ രീതിയുടേതാണ്. ലഹളകളിൽ അവസാനിക്കുന്ന ഇത്തരം സമരമുറകൾക്ക് തടിമിടുക്കും വൈകാരിക വിക്ഷുബ്ധതയും മതിയാകും. ഇത് പക്ഷേ സമരക്കാർക്കോ അവർ ലക്ഷ്യം വയ്ക്കുന്ന അവകാശങ്ങൾക്കോ നേട്ടം എന്നതിനേക്കാൾ കോട്ടം ഉണ്ടാക്കാനാണ് സാധ്യത. ഇവിടെ അധികാര കേന്ദ്രങ്ങളും അവകാശങ്ങൾക്കു വേണ്ടി സമരം ചെയ്യുന്ന സമരക്കാരും സമരസമയത്തിന്റെ പരിസമാപ്തിയിൽ ഒരുപോലെയോ അല്ലെങ്കിൽ കൂടിയോ കുറഞ്ഞോ നിലയിൽ ഇരകളായി മാറിയേക്കാം.

രണ്ടാമത്തെ സമരരീതി സമരസമീപനങ്ങളിലെ പുതുമയോ സർഗാത്മകതയോ ആയിരിക്കാം. ഈ മഴക്കാലത്ത് റോഡിലൂടെ പോകുമ്പോൾ വഴിയരികുകളിൽ ഉള്ള കുഴികളിൽ വാഴ നട്ടും ചെടികൾ വച്ചും വള്ളം ഇറക്കിയും പ്രതികരിക്കുന്നത് സമരത്തിന്റെ സർഗാത്മക രീതികളാണ്. കായികമായ സമരമുറകളിൽ നിന്നും ഇത്തരത്തിലുള്ള സർഗാത്മക സമരങ്ങളെ വ്യത്യസ്തമാക്കുന്നത് സമര ലക്ഷ്യങ്ങളെ നേടിയെടുക്കുവാൻ സഹായിക്കുന്ന ആവിഷ്കാരങ്ങളിലുള്ള പുതുമകളും ബുദ്ധിപരമായ ചുവടുവെപ്പുകളും ആണ്.

കേരളത്തിലെ പല സമരമുഖങ്ങളിലും ഇപ്പോൾ കണ്ടുവരുന്ന സമരശൈലി രണ്ടാമത് പറഞ്ഞ സർഗാത്മക ആവിഷ്ക്കാരങ്ങളുടേ

താണ്. അത്തരത്തിലുള്ള ഒരു സമരമായിരുന്നു ജൂൺ 20–ന് ചെല്ലാനത്തെ ക്രൈസ്തവ സമൂഹത്തിന്റെ സമരരീതി. വർഷങ്ങളോളമായി മഴക്കാല സമയത്ത് കടൽകയറ്റ ഭീതിയെ നേരിട്ട് ജീവിക്കുന്ന ആളുകളാണ് ചെല്ലാനംകാർ. നാളിതുവരെ വർഷക്കാലത്തിലുള്ള കടലാക്രമണ ഭീഷണിക്ക് പരിഹാരമാകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ഒന്നും നടത്തുവാൻ സർക്കാരുകൾ തയ്യാറായിട്ടില്ല. സർക്കാരിന്റെ അനാസ്ഥക്കെതിരെ പതിവുപോലെ പന്തൽ കെട്ടി നിരാഹാര സമരം ആരംഭിച്ച സമരക്കാരുടെ മുദ്രാവാക്യങ്ങൾ സർഗാത്മക ആവിഷ്കാരമായി നിലവിലുള്ള സർക്കാരിനോട് പ്രതികരണശേഷി രേഖപ്പെടുത്തുവാനുള്ള മാധ്യമമായി സമരക്കാർ തിരഞ്ഞെടുത്തത്. 8 മുദ്രാവാക്യങ്ങളാണ് സമരപ്പന്തലിൽ മുഴങ്ങിക്കേട്ടത്. ഈ മുദ്രാവാക്യങ്ങളെ സാംസ്കാരിക പഠനങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുക എന്നതാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം. എട്ടു മുദ്രാവാക്യങ്ങളെ താഴെ ചേർക്കുന്നു.

**മുദ്രാവാക്യങ്ങൾ**

1 ഉപവാസ സമരം സിന്ദാബാദ്

2 ജൂൺ ജൂലൈ മാസത്തിൽ
കടലിൽ തിരകൾ പൊങ്ങുമ്പോൾ
കണ്ണമാലി തീരത്ത്
ആകപ്പാടെ വേദനയാ
സർക്കാരിന്റെ പ്രതിനിധികൾ
ആക്കിക്കൊണ്ട് ചിരിക്കുന്നു.

3 സൂചനയാണിത് സൂചന മാത്രം
സൂചന കണ്ടു പഠിച്ചില്ലെങ്കിൽ
സമരത്തിൻ ഗതി താനേ മാറും
രൂപം മാറും ഭാവം മാറും
സമരത്തിൻ ഗതി താനേ മാറും.

4 പാറ പൊട്ടണ വെയിലത്തും,
കോരിച്ചൊരിയും മഴയെത്തും
പണിയെടുക്കും തൊഴിലാളികളെ
ഭയപ്പെടുത്താൻ നോക്കേണ്ട.

5 അത്തിമരത്തിൽ നത്തുകണക്കെ
കുത്തിയിരിക്കും സർക്കാരേ,
കടലിനു തടയണ തന്നില്ലെങ്കിൽ
ടെട്രാ പോഡിൻ തടയണ തന്നെ
സ്തംഭിപ്പിക്കും സ്തംഭിപ്പിക്കും
കേരളമാകെ സ്തംഭിക്കും
പറയണതാരെന്നറിയാമോ
കണ്ണമാലി കടലിൻ മക്കൾ.

6 അയ്യോ തീരത്തെന്താണ്,
കടൽ കയറ്റം കണ്ടില്ലേ,
എങ്ങോട്ടോടിപ്പോയിടും,
തെക്കുവടക്കൊരു റോഡ് ഉണ്ട്,
തെക്കും മുങ്ങി വടക്കും മുങ്ങി,
റോഡിൽ നിറയെ കടൽവെള്ളം.
എങ്ങോട്ടോടിപ്പോയിടും
മറുപടി പറയൂ സർക്കാരേ.........

7 തെക്കു തെക്കൊരു ദേശത്ത്,
കണ്ണമാലി തീരത്ത്
കാറ്റും കോളും വന്നപ്പോൾ
കടലിൻ താണ്ഡവ നൃത്തത്തിൽ
പകച്ചു പോയൊരു നാട്ടാരെ
സംരക്ഷിക്കാൻ ആളില്ലേ.
മറുപടി പറയൂ സർക്കാരേ.

8 ജനിച്ചു വീണൊരു മണ്ണിൽ തന്നെ
ജീവിക്കാനാണീ സമരം

ലളിതമായ കൊച്ചുകൊച്ചു വാക്യങ്ങളിലൂടെയാണ് മുദ്രാവാക്യങ്ങൾ പ്രതികരണങ്ങളുടെ അടയാളങ്ങളായി സമരമുഖങ്ങളിൽ നിന്ന് പുറത്തേക്ക് വാർന്നു വീഴുന്നത്. സമരക്കാരുടെ അസ്തിത്വം, പാർട്ടി, മതം, തൊഴിൽ മേഖലകൾ, ജീവിത പരിസരങ്ങൾ, അവർ അനുഭവിക്കുന്ന കഷ്ടപ്പാടുകൾ, മുൻ സമര ചരിത്രങ്ങൾ, ഓർമ്മപ്പെടുത്തലുകൾ, താക്കീതുകൾ എന്നിവയൊക്കെ അടയാളപ്പെടുത്തിക്കൊണ്ടാണ് മുദ്രാവാക്യങ്ങൾ നിർമ്മിക്കുന്നത്.

ജൂൺ ജൂലൈ മാസത്തിൽ... എന്ന് തുടങ്ങുന്ന മുദ്രാവാക്യം ചെല്ലാനത്തെ ജനങ്ങളുടെ

വർഷക്കാലത്തെ ദുരിതങ്ങളും അതിനോട് ക്രിയാത്മകമായി പ്രതികരിക്കാത്ത സർക്കാരിനോടുള്ള വിയോജിപ്പും ആണ് രേഖപ്പെടുത്തുന്നത്. മൂന്നാമത്തെ മുദ്രാവാക്യം സർക്കാരിനോടുള്ള മുന്നറിയിപ്പായി നിലനിൽക്കുന്നു. ജീവിതത്തിന്റെ കാഠിന്യം അനുഭവിക്കുന്ന സമരക്കാർ സർക്കാരിന്റെ ഭാഗത്തുനിന്നുള്ള ഏത് ശിക്ഷണ നടപടികളെയും ധൈര്യത്തോടെ നേരിടുക തന്നെ ചെയ്യും എന്ന് വ്യക്തമാക്കുന്നതാണ് നാലാമത്തെ മുദ്രാവാക്യം.

അഞ്ചാമത്തെ മുദ്രാവാക്യം സമരക്കാർ എന്ന നിലയിലുള്ള തങ്ങളുടെ പ്രാദേശിക വ്യക്തിത്വത്തെയും മതപരമായ അസ്തിത്വത്തെയും വ്യക്തമാക്കുന്നു. ഈ മുദ്രാവാക്യങ്ങളിലെ അത്തി, നത്ത് എന്നീ രണ്ട് പദങ്ങൾ പ്രത്യേക ശ്രദ്ധയി അർഹിക്കുന്നു. അത്തിമരം നമ്മുടെ നാട്ടിലുള്ളതോ ദൈനംദിന ഭാഷ വ്യവഹാരങ്ങൾക്ക് അകത്തു നിൽക്കുന്നതോ ആയ പദമല്ല. ബൈബിളിൽ കൂടെക്കൂടെ പ്രത്യക്ഷപ്പെടുന്ന പദമാണിത്. ബൈബിളിനെ അടിസ്ഥാനമാക്കി ജീവിക്കുന്ന ക്രൈസ്തവന്റെ അസ്തിത്വത്തെ വെളിപ്പെടുത്തുന്നതാണ് അത്തി എന്ന പദം. നമ്മുടെ നാട്ടിലെ രാത്രികാല സഞ്ചാരിയായ പക്ഷിയാണ് നത്ത്. നമ്മുടെ സാംസ്കാരിക പദ വ്യവഹാരങ്ങളിൽ നല്ല സൂചന അല്ല നത്ത് എന്ന പക്ഷിക്ക് നൽകിയിട്ടുള്ളത്. രാത്രി കരയുന്ന ഈ പക്ഷിയുടെ ശബ്ദം കേൾക്കുമ്പോൾ ദുരന്ത സൂചകമായ എന്തോ എന്ന് സംഭവിക്കുന്നു എന്നുള്ള വായ്മൊഴികൾ നമ്മുടെ നാട്ടിൽ ഉണ്ടായിരുന്നു എന്ന് ഓർക്കുക. പകൽ കണ്ണു കാണാത്ത പക്ഷിയാണ് നത്ത്. സർക്കാരിന്റെ പ്രതിനിധീകരിക്കുന്ന നത്ത് ചെല്ലാനത്തെ ജനങ്ങളുടെ വർഷകാലഘട്ടങ്ങളിലെ ദുരിതങ്ങൾ കാണുകയോ അതിന് പരിഹാരം നൽകുകയോ ചെയ്യുന്നില്ല എന്ന് ഈ മുദ്രാവാക്യം സൂചിപ്പിക്കുന്നു.

ചെല്ലാനത്തെ ജനങ്ങളുടെ ദുരിതാവസ്ഥ അറിയിക്കുന്നതാണ് ആറാമത്തെ മുദ്രാവാക്യം. തെക്കു തെക്കൊരു ദേശത്ത്... എന്നു തുടങ്ങുന്ന ഏഴാമത്തെ മുദ്രാവാക്യത്തിന് ചരിത്രപരമായ സൂചനകൾ നൽകാനാകും. വിമോചന സമര കാലഘട്ടങ്ങളിൽ കേരളത്തിൽ ഉയർന്നിരുന്ന ഒരു മുദ്രാവാക്യത്തോട് ഇതിന് സാമ്യമുണ്ട്. അത് താഴെ ചേർക്കുന്നു.

തെക്കുതെക്കൊരു ദേശത്ത്
അലമാലകളുടെ തീരത്ത്
ഭർത്താവില്ലാ നേരത്ത്
ഫ്ളോറിയെന്നൊരു ഗർഭിണിയെ
വെടിവെച്ചുകൊന്ന സർക്കാരേ
പകരം ഞങ്ങൾ ചോദിക്കും

വിമോചന സമരകാലത്ത് (1959) ഏറെ ശ്രദ്ധിക്കപ്പെട്ട മുദ്രാവാക്യം ആണിത്. അന്നത്തെ സർക്കാരിന്റെ രാജിയോടെയാണ് ഈ സമരം അവസാനിച്ചത്. അങ്ങനെ ചരിത്രത്തെ ഓർമിപ്പിക്കുന്നതാണ് ഈ മുദ്രാവാക്യം. സമരത്തിന്റെ ലക്ഷ്യത്തെ ഓർമിപ്പിക്കുന്നതാണ് അവസാനത്തേതും എട്ടാമതുമായ മുദ്രാവാക്യം.

സമര രീതികളിലെ സമര വീര്യത്തെയും ലക്ഷ്യത്തെയും ഓർമ്മിപ്പിക്കുവാനും സമരത്തിൽ പങ്കെടുക്കുന്നവരുടെ ഐക്യത്തെ ഊട്ടിയുറപ്പിക്കുവാനും ആണ് മുദ്രാവാക്യങ്ങൾ രൂപപ്പെടുത്തിയിരിക്കുന്നത്. ഒരു ജനതയുടെ അസ്ഥിത്വത്തെയും അവർ അനുഭവിക്കുന്ന ദുരന്തങ്ങളെയും രേഖപ്പെടുത്തുവാൻ മുദ്രാവാക്യങ്ങൾക്ക് സാധിക്കുന്നുണ്ട്. സർഗാത്മകതയിൽ അധിഷ്ഠിതമായ ഇത്തരം കൊച്ചു വാക്യങ്ങൾ ഉയർത്തിവിടുന്ന ആശയങ്ങളിൽ പ്രേരിതരായിട്ടാണ് നിരവധി സമരങ്ങൾ കേരള ചരിത്രത്തിൽ നടന്നിട്ടുള്ളതും ജനങ്ങൾ അവകാശങ്ങൾ നേടിയെടുത്തിട്ടുള്ളതും. കണ്ണമാലിയിലെ ഈ വർഷകാല സമരവും മറ്റൊന്നുമല്ല ഓർമ്മിപ്പിക്കുന്നത്. സർഗാത്മകതയിൽ അധിഷ്ഠിതമായ ഇത്തരം സമരമുഖങ്ങൾ അധികാരികളുടെ കണ്ണുകൾ തുറപ്പിക്കാൻ പര്യാപ്തമാകട്ടെ എന്ന് നമുക്ക് പ്രത്യാശിക്കാം.

■



*ഓരോരുത്തനും തനിക്കു കിട്ടിയ ദാനത്തെ ദൈവത്തിന്റെ വിവിധ ദാനങ്ങളുടെ ഉത്തമനായ കാര്യസ്ഥനെന്ന നിലയിൽ മറ്റെല്ലാവർക്കുംവേണ്ടി ഉപയോഗിക്കട്ടെ.*

1 പത്രോസ് 4:10





# പേപ്പൽ പതാക



അനി ജോസഫ്, കൂട്ടുകാട്

**1849** ഫെബ്രുവരിയിൽ പീയൂസ് ഒമ്പതാമൻ പാപ്പയുടെ കാലത്ത് റോമൻ റിപ്പബ്ലിക് രൂപം കൊണ്ടപ്പോൾ പുതിയ ഗവൺമെന്റിന്റെ പതാക ഇറ്റാലിയൻ ത്രിവർണ പതാകയായിരുന്നു. 1870 ൽ ഇറ്റലി പേപ്പൽ സംസ്ഥാനങ്ങൾ കീഴടക്കുകയുണ്ടായി. 1929 ൽ ലാറ്ററൻ ഉടമ്പടി ഒപ്പു വച്ചതിലൂടെ സ്വതന്ത്രമായ വത്തിക്കാന്റെ പതാകയായ പേപ്പൽ പതാക നിലവിൽ വന്നു. പീയൂസ് പതിനൊന്നാമൻ പാപ്പയാണ് ലാറ്ററൻ ഉടമ്പടിയിലൂടെ വത്തിക്കാൻ രാഷ്ട്രത്തിന് രൂപം കൊടുത്തത്. മുൻകാലങ്ങളിലെ പേപ്പൽ സംസ്ഥാനങ്ങളുടെ പതാകകളുടെ പരിഷ്കരിച്ച രൂപമായിരുന്നു ഈ പേപ്പൽ പതാക.

പേപ്പൽ പതാകയുടെ നീളവും വീതിയും 1:1 എന്ന അനുപാതത്തിലായിരിക്കും. അതായത് സമചതുരം. ഇപ്രകാരം സമചതുരാകൃതിയിലുള്ള പതാകയെ തിരശ്ചീനമായി രണ്ടായി വിഭജിച്ചിരിക്കുന്നു. ആദ്യ ഭാഗത്ത് അതായത് കൊടി കെട്ടിവയ്ക്കുന്ന ദണ്ഡിനോട് ചേർന്നുള്ള ഭാഗം മഞ്ഞനിറവും (ഇളം സ്വർണ്ണ നിറം) രണ്ടാമത്തെ ഭാഗത്ത് തൂവെള്ള നിറവും. തൂവെള്ള നിറമുള്ള ഭാഗത്ത് വത്തിക്കാൻ രാഷ്ട്രത്തിന്റെ (Vatican City Coat of Arms) മുദ്ര ആലേഖനം ചെയ്തിട്ടുണ്ടാകും.

വത്തിക്കാൻ രാഷ്ട്രത്തിന്റെ മുദ്രയിൽ റ്റിയാറയുടെ താഴെയായി രണ്ടു വശങ്ങളിലേക്കും തിരിഞ്ഞിരിക്കുന്ന രീതിയിൽ സ്വർണ്ണ താക്കോലും വെള്ളി താക്കോലും വെളുത്ത നാട കൊണ്ട് ബന്ധിപ്പിച്ച രീതിയിൽ ആലേഖനം ചെയ്തിരിക്കുന്നു. ഈ താക്കോലുകൾ സൂചിപ്പിക്കുന്നത് വിശുദ്ധ മത്തായിയുടെ സുവിശേഷം 16:19ൽ പത്രോസിന് ക്രിസ്തുനാഥൻ നൽകിയ സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും താക്കോലുകളെയാണ്. ഈ താക്കോൽ ചിഹ്നങ്ങൾ പതിമൂന്നാം നൂറ്റാണ്ട് വരെ പേപ്പൽ സംസ്ഥാനങ്ങളുടെ അടയാളങ്ങൾ ആയിരുന്നു. ഇപ്രകാരം പതാകയിൽ കാണപ്പെടുന്ന സ്വർണ്ണനിറമുള്ള താക്കോൽ പാപ്പയുടെ ആത്മീയ അധികാരത്തെയും, വെള്ളി നിറമുള്ള താക്കോൽ പാപ്പയുടെ ഭൗതിക അധികാരത്തെയും സൂചിപ്പിക്കുന്നു. വിവിധ രാജ്യങ്ങളിലെ കത്തോലിക്കസഭാ സ്ഥാപനങ്ങളിൽ സഭയോടുള്ള ആദരവിന്റെ പ്രതീകമായി പേപ്പൽ പതാകയും പ്രദർശിപ്പിക്കുന്നു.

■



# അയൽക്കൂട്ടം

എഫേ 2 : 19 – 72





# സഭയുടെ അപ്പസ്തോലിക ദൗത്യം

ഫാ. ജോമിറ്റ് ജോർജ്ജ് നടുവിലവീട്ടിൽ

'സഭ' എന്ന വാക്കിനർത്ഥം 'വിളിച്ചുകൂട്ടപ്പെട്ട സമൂഹം' എന്നാണ്. ദൈവജനത്തെ രൂപപ്പെടുത്താൻ വേണ്ടി ദൈവവചനം വിളിച്ചുകൂട്ടുന്നവരുടെ സമ്മേളനത്തെയാണ് അത് സൂചിപ്പിക്കുന്നത് (CCC 777). അലക്സാണ്ട്രിയായിലെ വി. ക്ലെമന്റ് പറയുന്നത്, "ദൈവത്തിന്റെ ഇച്ഛയാണ് സൃഷ്ടി. അത് ലോകമെന്നു വിളിക്കപ്പെടുന്നു. അതുപോലെ അവിടുത്തെ ഉദ്ദേശ്യമാണ് മനുഷ്യരക്ഷ. അതു 'സഭ' എന്നു വിളിക്കപ്പെടുന്നു." ലോകം സൃഷ്ടിക്കപ്പെട്ടത് സഭയ്ക്കുവേണ്ടിയാണ് എന്ന് ആദ്യകാലങ്ങളിൽ ക്രിസ്ത്യാനികൾ പറഞ്ഞിരുന്നു. തന്റെ ദൈവിക ജീവനിലുള്ള സംസർഗത്തിനായി ദൈവം ലോകത്തെ സൃഷ്ടിച്ചു. ആ സംസർഗം ക്രിസ്തുവിൽ മനുഷ്യരെ വിളിച്ചുകൂട്ടുന്നതുവഴി യാഥാർത്ഥ്യമാകുന്നു. വിളിച്ചുകൂട്ടപ്പെട്ട ഈ 'സമൂഹമാണ് സഭ' (CCC 760). അതിനാൽത്തന്നെ ഈ ലോകത്തിൽ സഭ ദൈവവും മനുഷ്യരും തമ്മിലുള്ള ഐക്യത്തിന്റെ അടയാളവും ഉപകരണവുമായ രക്ഷയുടെ കൂദാശയാണ്.

എഫേ 2:19 ലൂടെ പൗലോസ് അപ്പസ്തോലൻ നമ്മെ ഉദ്ബോധിപ്പിക്കുന്നുണ്ട് ഈ സഭ അപ്പസ്തോലികമാണെന്ന്. കാരണം അപ്പസ്തോലന്മാരുടെയും പ്രവാചകന്മാരുടെയും അടിത്തറയിന്മേലാണ് തിരുസഭ പണിയപ്പെട്ടിരിക്കുന്നത്. ഈ അടിത്തറയുടെ മൂലക്കല്ല് ക്രിസ്തുവുമാണ്. ക്രിസ്തുവിന്റെ പ്രത്യാഗമനം വരെ തിരുസഭ അപ്പസ്തോലന്മാരാൽ തുടർന്നും പഠിപ്പിക്കപ്പെടുകയും വിശുദ്ധീകരിക്കപ്പെടുകയും നയിക്കപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്നു. വി. പത്രോസിന്റെയും മറ്റ് അപ്പസ്തോലന്മാരുടെയും പിൻഗാമികളിലൂടെ (പാപ്പ, മെത്രാന്മാർ, വൈദികർ) തന്റെ ഉത്ഭവത്തോട് വിശ്വാസത്തിന്റെയും ജീവന്റെയും കൂട്ടായ്മ പുലർത്തിക്കൊണ്ട് നിലനിൽക്കുന്ന സഭ മുഴുവനുമായും അപ്പസ്തോലികമാണ് (CCC 863). കൂടാതെ, സഭ ലോകം മുഴുവനിലേക്കും അയയ്ക്കപ്പെടുന്നു എന്ന വസ്തുതയുടെ അടിസ്ഥാനത്തിലും സഭ അപ്പസ്തോലികമാണ്.

അങ്ങനെയെങ്കിൽ അപ്പസ്തോലിക സഭയുടെ ദൗത്യമെന്താണ്?

പുത്രൻ പിതാവിനാൽ അയയ്ക്കപ്പെട്ടിരിക്കുന്നതുപോലെ പുത്രൻ ശ്ലീഹന്മാരെ അയച്ചു കൊണ്ടു (യോഹ 20 : 21) പറഞ്ഞു, “സ്വർഗത്തിലും ഭൂമിയിലുമുള്ള എല്ലാ അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയു പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവരെ സ്നാനപ്പെടുത്തുവിൻ. ഞാൻ നിങ്ങളോടു കല്പിച്ചവയെല്ലാം പാലിക്കാൻ അവരെ പഠിപ്പിക്കുവിൻ” (മത്താ 28 : 19 – 20). ഈ രക്ഷാകര സത്യം യേശുക്രിസ്തുവിന്റെ സുവിശേഷം പ്രഘോഷിക്കുക എന്നതാണ് തിരുസഭയുടെ അപ്പസ്തോലിക ദൗത്യം. കാനോനിക നിയമം 211 ൽ പറയുന്നുണ്ട്, ക്രിസ്ത്യാനികളായ എല്ലാവരുടെയും പ്രധാനപ്പെട്ട ദൗത്യവും അവകാശവുമാണ് സുവിശേഷ പ്രഘോഷണം നടത്തുക എന്നുള്ളത്. അവർ എല്ലാവരും തങ്ങളുടെ കഴിവിനൊത്ത് വിശ്വാസം പ്രചരിപ്പിക്കാൻ കടപ്പെട്ടിരിക്കുന്നു. അങ്ങനെ അപ്പസ്തോലിക ദൗത്യത്തിൽ അഭിവന്ദ്യ പിതാക്കന്മാരുടെ കൂടെ പങ്കുചേരണം. 1 കോറി 9, 16 ലൂടെ പൗലോസ് അപ്പസ്തോലൻ ഓർമ്മപ്പെടുത്തുന്നുണ്ട്, “ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം.” ഈ വചനത്തെ സഭ സ്വന്തമാക്കിക്കൊണ്ട് സുവിശേഷം പ്രഘോഷിക്കുന്നതിൽ നിന്ന് സഭ ഒരിക്കലും വിരമിക്കുന്നില്ല. സുവിശേഷം പ്രഘോഷിച്ചുകൊണ്ട്, സഭ ശ്രോതാക്കളെ വിശ്വാസത്തിലേക്കും, വിശ്വാസത്തിന്റെ ഏറ്റുപറച്ചിലിലേക്കും ആകർഷിക്കുകയും മാമ്മോദീസ സ്വീകരിക്കാൻ ഒരുക്കുകയും ചെയ്യുന്നു. അവരെ പിന്നീട് അടിമത്തത്തിൽ നിന്ന് പിടിച്ചു കയറ്റുകയും മിശിഹായോട് ഏക ശരീരമാക്കുകയും ചെയ്യുന്നു (LG 17). എഫേ 2 : 21 പറയുന്നതുപോലെ ക്രിസ്തുവിൽ ഭവനമൊന്നാകെ സമുന്വയിക്കപ്പെട്ടിരിക്കുന്നു. അതായത്, ക്രിസ്തുവിൽ എല്ലാവരും ഒന്നായിത്തീരുക എന്നത് യേശുക്രിസ്തുവിന്റെ നാമത്തിൽ കൂട്ടായ്മയുടെ അരൂപിയിലേക്ക് കടന്നുവരിക എന്നതാണ്. പന്തക്കുസ്ത ദിനത്തിൽ പരിശുദ്ധ അമ്മ അപ്പസ്തോലന്മാരെ കൂട്ടായ്മയിൽ ഒന്നായിച്ചേർത്തപ്പോൾ പരിശുദ്ധാത്മാവ് അവരുടെമേൽ തീനാവിന്റെ രൂപത്തിൽ ഇറങ്ങിവന്നു. കാരണം, നമ്മുടെ ദൈവം ത്രിയേക ദൈവമാണ്. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്നാളുകൾ അടങ്ങുന്ന ദൈവത്തിന്റെ കൂട്ടായ്മ. ആയതിനാൽ അപ്പസ്തോലിക ദൗത്യത്തിന്റെ പരിസമാപ്തി എന്നത് ക്രിസ്തുവിൽ ഈ ലോകം മുഴുവനും ഒന്നായിത്തീരുക എന്നതാണ്. ഈ ദൗത്യം സാധ്യമാകുന്നത് പരിശുദ്ധാത്മാവിന്റെ അഭിഷേകത്താലാണ്. പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിനായി നമുക്കു പ്രാർത്ഥിക്കാം.



അങ്ങനെ തിരുസഭയുടെ അപ്പസ്തോലിക ദൗത്യം നമ്മിലൂടെ നിറവേറട്ടെ.

**പ്രവർത്തനത്തിന്**

1. ***സഭയിലെ അംഗങ്ങൾ എന്ന നിലയിൽ നമ്മുടെ കൂട്ടായ്മയെ വളർത്തുവാൻ വിവിധ ശുശ്രൂഷ സമിതികളുടെ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുക.***

**ചർച്ചയ്ക്ക് :**

1. ***നമ്മുടെ ദൈനംദിന ബന്ധങ്ങളിലും സമൂഹ ജീവിതത്തിലും സഭയിലെ അംഗമെന്ന നിലയിൽ ആത്മീയ വളർച്ചയ്ക്ക് എങ്ങനെയാണ് സംഭാവന ചെയ്യുന്നത്?***
2. ***നമ്മുടെ വ്യക്തിജീവിതത്തിന്റെയും തീരുമാനങ്ങളുടെയും മൂലക്കല്ല് ക്രിസ്തുവാണോ, അതോ മറ്റ് അടിസ്ഥാനങ്ങളെ ആശ്രയിക്കുന്നുണ്ടോ?***

■

# രൂപത വാർത്തകൾ

## കുടുംബങ്ങൾ നന്മയുടെ വിളനിലമാകണം: ബിഷപ്പ് ഡോ. ജോസഫ് കാരിക്കശ്ശേരി




കുടുംബങ്ങൾ നന്മയുടെ വിളനിലമാകണമെന്ന് കോട്ടപ്പുറം ബിഷപ്പ് എമിരിറ്റസ് ഡോ. ജോസഫ് കാരിക്കശ്ശേരി. കോട്ടപ്പുറം സെന്റ് മൈക്കിൾസ് കത്തീഡ്രൽ വചന കൂടാരത്തിൽ നടന്ന കോട്ടപ്പുറം രൂപത 11-ാമത് ബൈബിൾ കൺവെൻഷൻ, 'എൽ റൂഹ 2025' ന്റെ സമാപന ദിനത്തിൽ ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകുകയായിരുന്നു ബിഷപ്പ്. സഭയുടെയും സമൂഹത്തിന്റെയും അടിസ്ഥാന ഘടകമായ കുടുംബങ്ങൾ മൂല്യങ്ങളിൽ മുന്നേറണമെന്നും തിരുകുടുംബത്തെ മാതൃകയാക്കണമെന്നും ബിഷപ്പ് പറഞ്ഞു.

## രൂപതയിലെ "വലിയ കുടുംബ സംഗമം"



സ്നേഹബന്ധങ്ങളുടെ ഊഷ്മളത വിളിച്ചോതിക്കൊണ്ട് ഒരു വലിയ കുടുംബ സംഗമം 24 മെയ് 2025 വൈകുന്നേരം വികാസിൽ വെച്ച് നടത്തുകയുണ്ടായി. 32 കുടുംബാംഗങ്ങൾ ഒത്തുചേർന്ന ഈ സായാഹ്നം സൗഹൃദത്തിനും ആത്മീയ ചിന്തകൾക്കും പ്രാധാന്യം നൽകി. സമ്മേളനത്തിന് കൂടുതൽ അനുഗ്രഹം നൽകിക്കൊണ്ട്, കോട്ടപ്പുറം രൂപത മെത്രാൻ അഭിവന്ദ്യ അംബ്രോസ് പുത്തൻവീട്ടിൽ പിതാവ് സദസ്സിനെ അഭിസംബോധന ചെയ്തു. വലിയ കുടുംബ ബന്ധങ്ങൾ നൽകുന്ന ശക്തിയും, പരസ്പര പിന്തുണയും, സമ്പന്നമായ അനുഭവങ്ങളും വളരെ വലുതാണെന്ന് അദ്ദേഹം വ്യക്തമാക്കി. വന്ന കുടുംബങ്ങൾക്കെല്ലാം സ്കൂൾ കിറ്റ് വിതരണം ചെയ്യുകയും ചെയ്തു.





**കോട്ടപ്പുറം രൂപതാംഗമായ ഫാ. ഹെൽവെസ്റ്റ് റൊസാരിയോ റോമിലെ പൊന്തിഫിക്കൽ ലാറ്ററൻ സർവകലാശാലയിൽ നിന്ന് കാനൻ നിയമത്തിൽ ഡോക്ടറേറ്റ് നേടി. ഇടവകകളുടെ അജപാലന പരിവർത്തനത്തിൽ ഇടവകവികാരിയുടെ പങ്ക് എന്ന വിഷയത്തിലാണ് ഡോക്ടറേറ്റ്.**

## Capo Training

കോട്ടപ്പുറം രൂപതയിലെ ഇടവക കേന്ദ്രസമിതിയ്ക്കും ആനിമേറ്റർ സിസ്റ്റേഴ്സിനും പരിശീലനം (Capo Training) 2025 ജൂൺ 8 ന് നടത്തി. അഡ്വ. ഷെറിൻ ജെ. തോമസ് 'തദ്ദേശ സ്വയംഭരണം തിരെഞ്ഞെടുപ്പ്' എന്ന വിഷയത്തെക്കുറിച്ച് ക്ലാസ് എടുത്തു. തുടർന്ന്, കോട്ടപ്പുറം രൂപതാ ബിഷപ്പ്, റവ. ഡോ. അംബ്രോസ് പുത്തൻവീട്ടിൽ അനുഗ്രഹ പ്രഭാഷണം നടത്തുകയും ആശീർവദിക്കുകയും ചെയ്തു.



**കെ.സി.വൈ.എം കോട്ടപ്പുറം രൂപതയുടെ ആനിമേറ്ററായി സി. മേരി ട്രീസ O'Carm ചാർജ് എടുത്തു.**




## കോട്ടപ്പുറം രൂപത കെ.സി.വൈ.എം ലീഡേഴ്സ് മീറ്റ് 2025 നടത്തപ്പെട്ടു.



കെ.സി.വൈ.എം കോട്ടപ്പുറം രൂപതയുടെ നേതൃത്വത്തിൽ 7's ബൂട്ട്ഡ് ഫുട്ബോൾ ടൂർണ്ണമെന്റ് കെ.സി.വൈ.എം പൊയ്യ യൂണിറ്റിന്റെ ആതിഥേയത്വത്തിൽ മെയ് 24, 25 തീയതികളിലായി പൊയ്യ AKMHSS ഗ്രൗണ്ടിൽ വച്ച് നടത്തപെട്ടു. മത്സരത്തിൽ 18 ടീമുകൾ പങ്കെടുത്തു. കെ.സി.വൈ.എം ഇരിങ്ങാലക്കുട രൂപതയുടെ മുൻ ജനറൽ സെക്രട്ടറിയും ദേശീയ സംസ്ഥാന സ്കൂൾ കായിക മേളയുടെ ടെക്നിക്കൽ അനൗൺസറുമായ ശ്രീ. രഞ്ജിത്ത് മാത്യു അവർകൾ മത്സരം ഉദ്ഘാടനം ചെയ്തു. സമ്മാനദാനം നിർവഹിച്ചത് പൊയ്യ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. ഡെയ്സി തോമസായിരുന്നു. വാശിയേറിയ മത്സരങ്ങൾക്കൊടുവിൽ കെ.സി.വൈ.എം കാര യൂണിറ്റ് വിജയികളായി തീർന്നു. രണ്ടാം സ്ഥാനം കെ.സി.വൈ.എം കോട്ടുവള്ളി യൂണിറ്റും, മൂന്നാം സ്ഥാനം കെ.സി.വൈ.എം മാനാഞ്ചേരിക്കുന്ന് യൂണിറ്റും നേടി. ടൂർണമെന്റിലെ മികച്ച താരത്തിനുള്ള പുരസ്കാരത്തിന് കാര യൂണിറ്റിലെ ആഷ്ബിൻ അർഹനായി. ടോപ് സ്കോറർ പുരസ്കാരത്തിന് കോട്ടുവള്ളി യൂണിറ്റിലെ ഇമ്മാനുവൽ അർഹനായി. മികച്ച ഗോൾകീപ്പർക്കുള്ള പുരസ്കാരത്തിന് കാര യൂണിറ്റിലെ അമൻ അർഹനായി.

## വിശ്വാസ പരിശീലന വർഷം ഉദ്ഘാടനം ചെയ്തു.



സെൻറ് തോമസ് ഷ്റൈൻ കൊടുങ്ങല്ലൂരിൽ ഈ വർഷത്തെ വിശ്വാസ പരിശീലന പ്രവേശനോത്സവം റെക്ടർ റവ. ഫാ. ഫ്രാൻസിസ് താണിയത്ത് ഉദ്ഘാടനം നിർവ്വഹിക്കുന്നു.



ഗോതുരുത്ത് സെന്റ് സെബാസ്റ്റ്യൻ ദൈവാലയത്തിൽ വിശ്വാസ പരിശീലന പ്രവേശനോത്സവം വികാരി ഫാ. ജാക്സൺ വലിയപറമ്പിൽ ഉദ്ഘാടനം നിർവ്വഹിക്കുന്നു.



മടപ്ലാതുരുത്ത് സെന്റ് ജോർജ് ഇടവകയിലെ വിശ്വാസ പരിശീലന പ്രവേശനോത്സവം കോട്ടപ്പുറം രൂപതാ ചാൻസലർ ഫാ. ഷാബു കുന്നത്തൂർ ഉദ്ഘാടനം നിർവ്വഹിക്കുന്നു.

## എസ്.എച്ച്. ജി കളുടെ ജെ.എൽ.ജി. ഗ്രൂപ്പുകൾക്ക് 46 ലക്ഷം രൂപയുടെ ലോൺ വിതരണം ചെയ്ത് കിഡ്സ്

കോട്ടപ്പുറം രൂപതയുടെ സാമൂഹ്യക്ഷേമ വിഭാഗമായ കോട്ടപ്പുറം ഇൻറഗ്രേറ്റഡ് ഡെവലപ്പ്മെന്റ് സൊസൈറ്റി (കിഡ്സ്) കൊടുങ്ങല്ലൂർ ഫെഡറൽ ബാങ്കിന്റെ സഹായത്തോടുകൂടെ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി കുറഞ്ഞ പലിശ നിരക്കിൽ 46 ലക്ഷം രൂപ വിതരണം ചെയ്തു.




## പള്ളിപ്പുറം സെന്റ് മേരീസ് ഹൈസ്ക്കൂളിൽ പ്രവേശനോത്സവം നടത്തി

പള്ളിപ്പുറം സെന്റ് മേരീസ് ഹൈസ്ക്കൂളിലെ പ്രവേശനോത്സവം വിവിധ പരിപാടികളോടെ ഗംഭീരമായി ആഘോഷിച്ചു. നവാഗതരെ വിദ്യാലയ കവാടത്തിൽ നിന്നും വാദ്യമേളങ്ങളുടെ അകമ്പടിയോടെ വിദ്യാലയത്തിലേക്ക് ആനയിച്ചു. പുതിയതായി കടന്നു വരുന്ന എല്ലാവർക്കും ആകർഷകമായ സമ്മാനങ്ങളും നൽകി.



## സാൻജോ മീറ്റ് നടത്തപ്പെട്ടു

കോട്ടപ്പുറം രൂപതയിലെ ദമ്പതികൾക്ക് വേണ്ടി നടത്തുന്ന സാൻജോ മീറ്റ് (ട്രെയിനിങ് പ്രോഗ്രാം) വെറ്റിലപ്പാറ മേരി മാതാ ദൈവാലയം, പുല്ലൂറ്റ് സെന്റ് ആന്റണീസ് ദൈവാലയം, വിപി തുരുത്ത് (കോട്ടപ്പുറം) സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയം, കൊത്തലെങ്കോ സെന്റ് ജോസഫ് ദൈവാലയം എന്നിവിടങ്ങളിലാണ് നടത്തപ്പെട്ടത്





നിന്റെ ഭാരം കർത്താവിനെ ഏൽപിക്കുക, അവിടുന്നു നിന്നെ താങ്ങിക്കൊള്ളും
സങ്കീ 55:22

## പിതാവിന്റെ ഡയറി – ജൂലൈ 2025

| | | |
|---|---|---|
| 1/7/25 | Pastoral visit @ kurisingal | |
| 3/7/2025 | Foundation Stone Laying Of Golden Medows At Manalikkad | 9am |
| | Diocesan Day Mass At Kottapuram | 4:30 |
| 5/7/25 | Holy Mass @ Don Bosco Nursing School N. Paravoor | 3pm |
| 6/7/25 | Holy Mass For Youth Day @ Keezhupadam | |
| 7/7/25 | KCSL Inaguration at Vikas | 10am |

10/7/25 TO 13/7/25 : KRLCC

## ഫാമിലി അപ്പസ്തോലേറ്റിന്റെ ജൂലൈ മാസത്തെ പരിപാടികൾ

### 11, 12 & 13 തീയതികളിൽ വിവാഹ ഒരുക്ക കോഴ്സ്

**13 – ാം തീയതി വിവാഹ ഒരുക്ക കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കൾക്കുള്ള സെമിനാർ** ( 2pm - 4 pm)

## ലോഗോസ് ക്വിസിന്റെ ജൂൺ മാസത്തെ ഉത്തരങ്ങൾ

1. ഒരു ലേവ്യൻ, 2. ദാരിദ്ര്യത്തിൽ, 3. പ്രതാപവും മഹത്വവും, 4. നിഷ്കളങ്കരുമായിരിക്കുവിൻ, 5. തന്റെ പിതാവിന്റെ, 6. കല്ലിന്മേൽ കല്ലു ശേഷിക്കാതെ, 7. ഹെനോക്ക്, 8. പാപമോചനവും അവന്റെ രക്തം വഴി രക്ഷയും, 9. ഇസ്രായേല്യരുടേതല്ലാത്ത, 10. അബ്രാഹം, 11. ജറുസലേമിനെ, 12. പരിശുദ്ധാത്മാവിനാൽ, 13. ഗിബെയായിൽ, 14. "നീ എവിടെ പോകുന്നു? എവിടെനിന്നു വരുന്നു?", 15. വിമോചനം, 16. ജീവിത വ്യഗ്രത, 17. നോഹ, 18. യാക്കോബിന്റെ, 19. പരിശുദ്ധാത്മാവ്, 20. ശരീരമാണ്

**ശരിയുത്തരങ്ങൾ അയച്ചവർ**

1. സ്റ്റെൽമി ജോബി, മേത്തല
2. ലാനി സ്റ്റീഫൻ, മേത്തല
3. ലൈസ സേവ്യർ, മേത്തല
4. ടിസ്മി ടോമി, മേത്തല
5. ദീപ ബൈജു, മേത്തല
6. മരിയ ജോബി, മേത്തല
7. ഇഷ ജോസഫ്, മേത്തല
8. നിമ്മി സിജോയ്, മേത്തല
9. ഐതൽ എൽസ കെ.എസ്, മേത്തല
10. അമേലിയ ക്ലാര ഷാജു, മേത്തല
11. മേരി വിൻസന്റ്, മേത്തല
12. റീന സെബാസ്റ്റ്യൻ, മടപ്ലാതുരുത്ത്
13. എയ്ഥൻ പ്രിൻസൻ, മേത്തല
14. ആൽഫ്രഡ് കെ. ബിജു, കാര
15. മിനി പീറ്റർ, കോട്ടപ്പുറം
16. എയ്ഞ്ചൽ മേരി, കടപ്പുറം
17. ജൂലിയറ്റ് എം. ഡി, കോട്ടപ്പുറം
18. എയ്ഡൻ ഷിജു, മേത്തല
20. സിസ്റ്റർ മാഗി, മരിയഭവൻ കോൺവെന്റ്
21. ആൻഡ്രിയ ബിജു, മേത്തല
22. മേരി റാഫേൽ, തുരുത്തിപ്പുറം
23. ഷെബിൻ കെ.എസ്, കെടാമംഗലം
24. ബീന ജോസ്, ചാത്തനാട്
25. സിജി ജോയ്, തുരുത്തിപ്പുറം
26. ഗിൽഡ പോൾ, മാനാഞ്ചേരിക്കുന്ന്
27. പ്രിൻസി ക്ലീറ്റസ്, അരീപ്പാലം



ശരിയുത്തരങ്ങൾ അയച്ചവരിൽ നിന്ന് നറുക്കെടുപ്പിലൂടെ തിരഞ്ഞെടുത്ത വിജയി

**റീന സെബാസ്റ്റ്യൻ**

**മടപ്ലാതുരുത്ത്**

# വചനധ്യാനം



## 2025 ലോഗോസ് ക്വിസ് പരീക്ഷയ്ക്കായി ഒരുങ്ങാം

**പഠിച്ചൊരുങ്ങാനുള്ള വചനഭാഗം**

▸ ന്യായാ 20 ▸ പ്രഭാ 45 ▸ എഫേ 2 ▸ ലൂക്കാ 22

1. മറുവശത്ത് ബഞ്ചമിൻ ഗോത്രക്കാർക്കെതിരെ ഖഡ്ഗധാരികളായ – – – – – – – – – – – – – – ഇസ്രായേൽ യോദ്ധാക്കൾ അണിനിരന്നു.
2. "– – – – – – – എന്നു വിളിക്കപ്പെടുന്ന പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാൾ അടുത്തു."
3. ആരെയാണ് അവിടുന്ന് മഹത്വത്തിൽ ദൈവദൂതന് സമമാക്കിയത്?
4. വിശ്വാസം വഴി എന്താലാണ് നിങ്ങൾ രക്ഷിക്കപ്പെട്ടത്?
5. ബഞ്ചമിൻ ഗോത്രക്കാരോട് യുദ്ധം ചെയ്യാൻ തങ്ങളിൽ ആര് ആദ്യം പോകാനാണ് കർത്താവ് അരുളിച്ചെയ്തത്?
6. "സ്കറിയോത്ത്' എന്നു വിളിക്കപ്പെടുന്നത് ആരെ?
7. "അവിടുന്ന് നിത്യമായ ഉടമ്പടി ചെയ്യുകയും ജനത്തിന്റെ പൗരോഹിത്യം നൽകുകയും ചെയ്തത് ആർക്കാണ്?
8. നാം ദൈവത്തിന്റെ – – – – – – – ആണ്.
9. അഹറോന്റെ പുത്രനായ എലെയാസറിന്റെ പുത്രൻ – – – – – – – – – ആയിരുന്നു അന്ന് പൗരോഹിത്യ ശുശ്രൂഷ നടത്തിയിരുന്നത്.
10. അവൻ പുറത്തുവന്ന് പതിവുപോലെ – – – – – – – പോയി.
11. കർത്താവു തന്നെയാണ് അവന്റെ – – – – – – – – – –.
12. എന്നാൽ, ഒരിക്കൽ വിദൂരസ്ഥരായിരുന്ന നിങ്ങൾ ഇപ്പോൾ യേശുക്രിസ്തുവിൽ അവന്റെ – – – – – സമീപസ്ഥരായിരിക്കുന്നു.
13. ഇസ്രായേൽക്കാരും പതിയിരിപ്പുകാരും അടയാളമായി പട്ടണത്തിൽ – – – – – – – – – – – – ഉയർത്തണമെന്നു തമ്മിൽ തമ്മിൽ പറഞ്ഞിരുന്നു.
14. അപ്പോൾ അവനെ ശക്തിപ്പെടുത്താൻ സ്വർഗത്തിൽ നിന്ന് ഒരു – – – – – – – – – പ്രത്യക്ഷപ്പെട്ടു.
15. എലെയാസറിന്റെ പുത്രനായ ഫിനെഹാസിനാണ് മഹത്വത്തിന്റെ – – – – – – – – – –.
16. എന്തിന്റെ ആധിപത്യമാണ് അവൻ തന്റെ ശരീരത്തിലൂടെ ഇല്ലാതാക്കിയത്?
17. ശേഷിച്ചവർ തിരിഞ്ഞ് മരുഭൂമിയിൽ – – – – – – – പാറയിലേക്കോടി.
18. "നീ എന്നെ നിഷേധിക്കും" എന്നു കർത്താവു പറഞ്ഞ വചനം അപ്പോൾ പത്രോസ് ഓർമ്മിച്ചപ്പോൾ എന്തു ചെയ്തു?
19. യൂദാ ഗോത്രജനായ ജസ്സെയുടെ പുത്രൻ – – – – – – – – – – –മായി ഒരു ഉടമ്പടി ഉറപ്പിക്കപ്പെട്ടു.
20. വിദൂരസ്ഥരായിരുന്ന നിങ്ങളോടും സമീപസ്ഥരായിരുന്ന ഞങ്ങളോടും അവൻ – – – – – – – – പ്രസംഗിച്ചു.

**ഉത്തരങ്ങൾ ജൂലൈ 15 – ാം തീയതിക്ക് മുൻപായി ഇമെയിൽ വഴിയോ, കത്ത് മുഖേനയോ പേരും സ്ഥലവും ഫോൺ നമ്പർ സഹിതം ഓഫീസിൽ അറിയിക്കേണ്ടതാണ്. ശരിയുത്തരങ്ങൾ അയക്കുന്നവരിൽ നിന്ന് നറുക്കെടുപ്പിലൂടെ വിജയികളെ കണ്ടെത്തുന്നു.**

**ഉത്തരങ്ങൾ അയക്കേണ്ട വിലാസം**

✉ didimoskottapuram@gmail.com

**എഡിറ്റർ, ദിദിമോസ്, കാറ്റിക്കിസം ഓഫീസ്, വികാസ്, കോട്ടപ്പുറം – 680 667**

# Golden Meadows

**Graceful living for your golden days**

**(AN INITIATIVE OF THE DIOCESE OF KOTTAPURAM)**

RETIREMENT HOME FOR BISHOP

RETIREMENT HOME FOR PRIESTS

RETIREMENT HOME FOR SENIOR CITIZEN

## FACILITIES PROVIDED

- 24/7 spiritual support
- Well-maintained guest rooms
- High-standard sanitation
- Prayer room open 24/7
- CCTV surveillance
- Continuous water supply
- 24-hour security services
- Eco-friendly environment
- Shared vehicle service
- Uninterrupted power supply
- Solar-powered infrastructure



## MEDICAL FACILITIES PROVIDED

- 24/7 nursing care
- Daily doctor visits
- Ongoing and emergency support
- Ambulance service available








നിങ്ങളുടെ സുവർണ്ണ കാലത്തിനായി ഒരു സ്നേഹ ഭവനം



# Golden Meadows

കോട്ടപ്പുറം രൂപത സംരംഭം

പ്രായത്തിന്റെ ക്ഷീണങ്ങളിൽ നിന്നും തിരക്കേറിയ ജീവിതത്തിൽ നിന്നും മാറി,
ശാന്തവും സുരക്ഷിതവുമായ ഒരു ജീവിതം നിങ്ങൾ സ്വപ്നം കാണുന്നുണ്ടോ?
എങ്കിൽ നിങ്ങൾക്കായി തൃശ്ശൂർ ജില്ലയിലെ മാള– മണലിക്കാട് എന്ന മനോഹരമായ ഗ്രാമത്തിൽ
കോട്ടപ്പുറം രൂപത ഒരുക്കുന്ന 'ഗോൾഡൻ മെഡോസ്' (RETIREMENT HOME) നിങ്ങളെ സ്വാഗതം ചെയ്യുന്നു.



**ശിലാസ്ഥാപനം**
**ജൂലൈ 3 രാവിലെ 9.00 ന്**
മണലിക്കാട് സെന്റ് ഫ്രാൻസീസ് സെമിനാരിയിൽ
ബിഷപ്പ് ഡോ. അംബ്രോസ് പുത്തൻവീട്ടിൽ
നിർവ്വഹിക്കുന്നു

വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യക്ഷേമം തുടങ്ങിയ മേഖലകളിലെ സേവന പാരമ്പര്യവുമായി കോട്ടപ്പുറം രൂപത മുതിർന്ന പൗരന്മാർക്കായി ഒരുക്കുന്ന ഈ സ്നേഹഭവനം ആധുനിക സൗകര്യങ്ങളും സുരക്ഷയും ഒരുമിച്ച് നൽകുന്നു.

കൂടുതൽ വിവരങ്ങൾക്കും ബുക്കിംഗിനുമായി ബന്ധപ്പെടുക:

വിലാസം: ഡയറക്ടർ, ഗോൾഡൻ മെഡോസ്, മണലിക്കാട്, മഠത്തുംപടി പി.ഒ, പിൻ – 680733, തൃശ്ശൂർ ജില്ല

: +91 99950 66771 | +91 62388 88011 | +91 98473 15456

goldenmeadows25@gmail.com, www.kottapuramdiocese.org/gm